2023
ജനുവരി

വാല്യം 16 | ലക്കം 1
Annual Subscription ₹ 100.00

# വിജയപുര ദൂത്

VIJAYAPURAM DIOCESAN BULLETIN





പ്രീസ്റ്റ്സ് കൗൺസിൽ അംഗങ്ങൾ



മോൺ. ഹെൻറി കൊച്ചുപറമ്പിലിന്റെ പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷം



ഫാ. അഗസ്റ്റൻ പൂപ്പാടി ഒ.സി.ഡി. യുടെ
പൗരോഹിത്യസുവർണ്ണ ജൂബിലി ആഘോഷം

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

2023 JANUARY Registered Newspaper, Reg.No. KERMAL/2008/24745 Vol.16 • No.1

## താളുകൾ മറിക്കുമ്പോൾ...

4. എഡിറ്റോറിയൽ
5 ക്രിസ് ഈവ് 2022
6. രൂപതാകാര്യാലയത്തിൽ നിന്ന്
7. എന്റെ ക്രിസ്തുമസ്
9 സഹനത്തിൽ വിരിഞ്ഞ അമ്മ
12. വിഴിഞ്ഞം തീരദേശ സമരം
14. ദുബായിലെ കേരള ലത്തീൻ കൂട്ടായ്മ
16. ബൈബിൾ പുതുവർഷത്തിന്
19. ക്രിസ്മസിനെപ്പറ്റി അറിയാൻ
20. ബഫർസോൺ- സർക്കാർ
21. എന്റെ ദൈവാലയം
22. കനിവിന്റെ ക്രിസ്മസ് നിലാവ്
25 ഇടവകവാർത്തകൾ
31. വി.എസ്.എസ്.എസ്. വാർത്തകൾ
34. അഭിവന്ദ്യപിതാവിന്റെ ജനുവരി മാസ പരിപാടികൾ

Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editor*
**Fr. Varghese Kottakkattu**

*Managing Editor*
**Fr. Joseph Cherukakramcheril**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Adv. Henry John**
**Mr. Thomas Williams**
**Sr. Jeanine CSST**

*Circulation Manager*
**Fr. Joseph Meenaikodath**
Mob: 9496564652
9446864649



Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.

vijayapuradhuthu@gmail.com



## Editorial




# ജനുവരിയിലേക്ക് നമുക്ക് പ്രവേശിക്കാം

**'ജാ**നുസ്' പ്രാചീന റോമൻ മതത്തിലെ ഒരു ദേവനാണ്. അദ്ദേഹത്തിന് ഒരു തലയേയുള്ളു. എന്നാൽ മുന്നിലേക്കും പിന്നിലേക്കും തിരിഞ്ഞിരിക്കുന്ന രണ്ടു മുഖങ്ങളുണ്ട്. മാറ്റങ്ങളുടെയും പുതിയ തുടക്കങ്ങളുടെയും സമയത്തിന്റെയുമെല്ലാം ദേവനാണദ്ദേഹം. അദ്ദേഹത്തിൽ നിന്നാണ് ജനുവരി മാസത്തിന് പേരുണ്ടായത്. പുതുവർഷത്തിന്റെ ആരംഭമാസത്തിന്റെ ആരംഭത്തിൽ നാം പിന്നോട്ടും മുന്നോട്ടും നോക്കി ഇന്നലെയിൽ നിന്ന് നാളെയിലേക്ക് ഇന്നു മുന്നേറണം എന്നു നമ്മെ പഠിപ്പിക്കുന്നു ജാനൂസ്. നമ്മെ ഇന്നലെകളുടെ പിടിയിൽ നിന്ന് വിമോചിപ്പിച്ച് പുതുസൃഷ്ടികളാകുന്ന മരണത്തെയും ജയിച്ചുയിർത്ത നമ്മുടെ ലോകത്തിന്റെയും ചരിത്രത്തിന്റെയും ജീവിതത്തിന്റെയും നാഥനായ യേശുക്രിസ്തുവിന്റെ ആൽഫയും ഓമേഗയുമായ കർത്താവിന്റെ പ്രതീകമാണ് ജാനുസ്.

നാം ഇന്നലെകളിലേക്ക് മാത്രം നോക്കി നിന്നുപോകരുത്. നാം ഉപ്പുതുണായിപോകും. മുന്നിലേക്ക് മാത്രം നോക്കി ജീവിക്കാൻ പോയാൽ നാം വേരറ്റവരും നിലയില്ലാത്തവരുമാകും. ഇന്നലെയിലേക്ക് നോക്കി നാം നന്ദിയാൽ നിറയണം. ഭൂതത്തെ വെടിയണം. ഭയങ്ങളെ തുരത്തണം. ആസക്തികളെ അതി ജീവിക്കണം. പൈതൃകങ്ങളെ പുൽകണം. നാളെയിലേക്ക് നോക്കി നാം സ്വപ്നങ്ങളാലും പ്രതീക്ഷകളാലും നിറയണം. ഉണർവ്വും ഉത്സാഹവും തേജസ്സും നിറഞ്ഞവരാകണം. ഇന്നലെകളിൽ നാം കുടുങ്ങിപ്പോകരുത്. കുറ്റബോധവും വിരോധങ്ങളും ആസക്തികളും ദുഃഖങ്ങളും ഭയങ്ങളും നമ്മിൽ നിറയുന്നത് നമ്മുടെ ഇന്നലെകളിൽ നിന്നാണ്. അവ നമ്മുടെ മുന്നേറ്റങ്ങളെയും വളർച്ചയെയും ഉയർച്ചയെയും തടസപ്പെടുത്തും എന്നു മാത്രമല്ല നമ്മുടെ ഇപ്പോഴത്തെ ജീവിതം ദുരന്താനുഭവമാക്കുകയും ചെയ്യും. നാളെയിലേക്ക് ഒളിച്ചോടണ്ടവരല്ല നാം. ഇന്നത്തെ യാഥാർത്ഥ്യങ്ങളെ നാം നേരിടുകയും തിരിച്ചറിയുകയും വേണം. സത്യത്തെ നാം അവഗണിക്കരുത്. ഇന്നത്തെ പ്രശ്നങ്ങളെ പരിഹരിക്കാനുള്ള ശക്തിയും ചൈതന്യവും ആവേശവുമാണ് നാം നാളെ

യിൽ നിന്ന് ഉൾക്കൊള്ളേണ്ടത്.

നാം ഇന്നലെയുടെ വെളിച്ചത്തിൽ മാത്രം നമ്മെ കാണുകയോ വില യിരുത്തുകയോ ചെയ്യരുത്. അത് നമ്മെ ഒതുക്കും. അടിമപ്പെടുത്തും, തളർത്തും, തകർക്കും. നമ്മെ നിരാശകൊണ്ടും വിരോധം കൊണ്ടും ഭയം കൊണ്ടും നിറക്കും. നാളെയുടെ വെളിച്ചത്തിൽ നാം നമ്മെ കണ്ടെത്താനും വിലയിരുത്താനും ശ്രദ്ധിക്കണം. അവിടെ നമ്മുടെ ഭാവന വിടരും. പ്രതീ ക്ഷകൾ ഉണരും. നാം സ്വപ്നങ്ങളാൽ നിറയും. നമ്മുടെ ജീവിതത്തിനു മുന്നിൽ അനന്തമായ സാധ്യതകൾ നമ്മുടെ ഭാവി തുറന്നു തരും.

പുതുവർഷാശംസകളോടെ,

*പത്രാധിപർ*

# ക്രിസ് ഈവ് 2022

**2022** ഡിസംബർ മാസം 17-ാം തീയതി ശനിയാഴ്ച വൈകിട്ട് സാവിയോ മൈനർ സെമിനാരിയുടെ ഓഡിറ്റോറിയത്തിൽ വച്ച് രൂപതാദ്ധ്യക്ഷനായ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവിനോടൊപ്പം സെമി നാരി വിദ്യാർത്ഥികളും ബിഷപ്സ് ഹൗസിലെ വൈദികരും സ്റ്റാഫംഗ ങ്ങളും ക്രിസ് ഈവ് ആഘോഷിച്ചു. പരി. ജപമാലയുടെ അർപ്പണത്തിനും പരി. കുർബാനയുടെ ആശിർവാദത്തിനുംശേഷം പ്രദക്ഷിണത്തോതുടർന്ന് നടത്തപ്പെട്ട യോഗത്തിൽ സാവിയോ സെമിനാരി റെക്ടർ ഫാ. ജോസഫ് പടികരമല എല്ലാവരെയും സ്വാഗതം ചെയ്തു. ക്രിസ്ഈവ് 2022 ഉദ്ഘാ ടനം ചെയ്തു അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ് ക്രിസ്തുമസ് സന്ദേശം നൽകി. രൂപത വികാരി ജനറൽ ബഹു. മോൺ ജസ്റ്റിൻ മഠത്തിപറമ്പിലച്ചൻ പ്രസ്തുത യോഗത്തിൽ ക്രിസ്മസ് സന്ദേശം നൽകി. തുടർന്ന് സെമിനാരി വിദ്യാർത്ഥികളുടെ കലാപരിപാടികളും കൈയ്യെഴുത്തു പ്രതികളുടെ പ്രകാശനവും നടത്തപ്പെട്ടു. സന്നിഹിതരായ എല്ലാവർക്കും ഇൻഫന്റ് ജീസസ് മൈനർ സെമിനാരി റെക്ടർ ബഹുമാ നപ്പെട്ട ജോസഫ് മീനായിക്കോടത്ത് അച്ചൻ നന്ദിയർപ്പിച്ചു. തുടർന്നുള്ള സ്നേഹവിരുന്നോടെ ക്രിസ്തുമസ് ആഘോഷം അവസാനിച്ചു.

**വിജയപുരദൂതിന്റെ എല്ലാ വായനക്കാർക്കും**
**പുതുവത്സരാശംസകൾ നേരുന്നു.** പത്രാധിപസമിതി

# രൂപതാ കാര്യാലയത്തിൽ നിന്ന്

## 2023 കൂരിയ അവധി ദിനങ്ങൾ

| | | |
|---|---|---|
| ജനുവരി 01 | : | നവവത്സരദിനം |
| ജനുവരി 20 | : | അഭി. പിതാവിന്റെ നാമഹേതുകതിരുനാൾ |
| ജനുവരി 26 | : | റിപബ്ലിക്ദിനം |
| മാർച്ച 19 | : | വി. യൗസേപ്പിതാവിന്റെ തിരുനാൾ |
| ഏപ്രിൽ 3 മുതൽ 9 വരെ | : | ഈസ്റ്റർ അവധി |
| ആഗസ്റ്റ് 15 | : | ഇന്ത്യൻ സ്വാതന്ത്ര്യദിനം |
| നവംബർ 2 | : | പരേതാത്മാക്കളുടെ ദിനം |
| ഡിസംബർ 8 | : | വിമലഗിരി കത്തീഡ്രൽതിരുനാൾ |
| ഡിസംബർ 23 മുതൽ 29വരെ | : | ക്രിസ്മസ് അവധി |

### 2023 പ്രത്യേക പിരിവുകൾ നടത്തേണ്ട ദിവസങ്ങൾ

ജനുവരി 08 : പ്രത്യക്ഷവത്ക്കരണം

ഫെബ്രുവരി 12 : തിരുബാലസഖ്യദിനം

ഫെബ്രുവരി 22 : നോമ്പാരംഭം (നോമ്പുകാലത്തിലെ രണ്ടു ഞായറാഴ്ചകളിലെ പിരിവ് വിശപ്പിനും രോഗത്തിനുമെതിരെ കാരിത്താസ് ഇന്ത്യയുടെ പ്രവർത്തനങ്ങൾക്കായി വി.എസ്.എസ്.എസിൽ നൽകുക.)

| | | |
|---|---|---|
| മാർച്ച് 12 | : | കമ്മ്യൂണിയോ ഇന്ത്യ |
| ഏപ്രിൽ 06 | : | പെസഹാവ്യാഴം (വൈദികദിനം പി.എം.എ.എസ്.) |
| ഏപ്രിൽ 07 | : | ദുഃഖവെള്ളി (വിശുദ്ധനാടുകളുടെ സംരക്ഷണം) |
| ഏപ്രിൽ 30 | : | ദൈവവിളിദിനം |
| ജൂൺ 25 | : | വി. പത്രോസിന്റെ സിംഹാസനപിരിവ് |
| ജൂലൈ 09 | : | കെ.സി.വൈ.എം. |
| ആഗസ്റ്റ് 20 | : | നീതിഞായർ |
| ഒക്ടോബർ 22 | : | മിഷൻ ഞായർ |
| നവംബർ 05 | : | മാധ്യമഞായർ |
| ഡിസംബർ 03 | : | കെ.ആർ.എൽ.സി.സി. ദിനം |
| ഡിസംബർ 17 | : | ദൈവവചന ഞായർ |
| 2024 ജനുവരി 01 | : | തിരുകുടുംബദിനം (കുടുംബ പ്രേഷിതത്വം) |

*വികാരി ജനറാൾ*

# എന്റെ ക്രിസ്തുമസ്

ഫാ. പടികരമല



ക്രിസ്തുമസിനെക്കുറിച്ച് ഓർക്കുമ്പോൾ എന്റെ മനസിൽ ഓടിയെത്തുന്നത് കുട്ടിക്കാലമാണ്. ഡിസംബർ മാസമാകുമ്പോഴേയ്ക്കും പുൽക്കൂട് നിർമ്മിക്കുവാൻ ഒരുക്കങ്ങൾ ആരംഭിച്ചിരിക്കും. റബ്ബർതോട്ടങ്ങളിലൂടെ നടന്ന് ഉണ്ണിശോ പുല്ല് പറിച്ചും തെരുവപ്പുല്ലുവെട്ടിയും ഈന്തിലശേ ഖരിച്ചും കപ്പകമ്പുകൾ ഒരുക്കിയും പുൽക്കൂടു ഉണ്ടാക്കുന്നതിനുവേണ്ടി കൊണ്ടുവരും. അങ്ങനെ ഇവയെല്ലാം ചേർന്ന് നല്ലൊരു പുൽക്കൂട് ഉണ്ടാക്കും. വീടിന്റെ മുറ്റത്ത് പുൽക്കൂടിനൊപ്പം ക്രിസ്തുമസ് ട്രീയും ഒരുക്കി അലങ്കരിക്കും. തെങ്ങിന്റെ മടൽവെട്ടി നക്ഷത്രങ്ങൾ ഉണ്ടാക്കി തെളിച്ചും വർണ്ണക്കടലാസുകൾ മുറിച്ചിട്ട് വിവിധ തരത്തിലുള്ള കാഴ്ചകൾ ഒരുക്കിയും ബലൂണും വർണ്ണത്തോരണങ്ങളും കൊണ്ട് വീട്ടുമുറ്റം അലങ്കരിച്ചും ക്രിസ്തുമസ് ആഘോഷിക്കുവാനായി ഒരുങ്ങും. ഡിസംബർ മാസം 24-ാംതീയതി പാതിരാ കുർബാന കാണുവാൻ വേണ്ടി മാതാപിതാക്കളോടും സഹോദരങ്ങളോടും കൂടെ പള്ളിയിലേക്കുള്ള യാത്ര എനിക്ക് ഒരിക്കലും മറക്കാനാവാത്ത ഒരനുഭവമായിരുന്നു. ഡിസംബർ മാസം ആകുമ്പോൾ മനുഷ്യൻ മാത്രമല്ല പ്രകൃതി മുഴുവനും ക്രിസ്തുമസിനുവേണ്ടി ഒരുങ്ങുന്നതായി തോന്നിയിട്ടുണ്ട്. ക്രിസ്തുമസ് ആകുമ്പോൾ പ്രകൃതിയിൽ തന്നെ ഒരു പ്രത്യേക സന്തോഷവും സമാധാനവും ശാന്തതയും ഉള്ളതായി എനിക്കനുഭവപ്പെട്ടിട്ടുണ്ട്.

എന്റെ കുട്ടിക്കാല ക്രിസ്തുമസിന്റെ ഓർമ്മകളിലേയ്ക്ക് ഞാൻ ഇന്ന് എത്തിനോക്കുമ്പോൾ എന്നിൽ ക്രിസ്തു പിറക്കണം. ഞാൻ ഒരു പുൽക്കൂടായ് മാറണം. എന്റെ പൗരോഹിത്യ ജീവിതം ക്രിസ്തുവിനായി എരിഞ്ഞ നക്ഷത്രമായ് തെളിയണം എന്ന ചിന്തയാണ്.

# ക്രിസ്തുമസ്

ജോസ് ജോസഫ്



ക്രിസ്തുമസ് എന്ന് പറയുമ്പോൾ നമ്മുടെ മനസ്സിൽ ആദ്യം ഓർമ്മച്ചെപ്പ് തുറക്കുന്നത് ജാതനായ ഉണ്ണിയേശുവും മേരിമാതാവും ഔസേപ്പിതാവും ചേർന്നുള്ള പുൽക്കൂടും നക്ഷത്രങ്ങളുമാണ്. അതോടൊപ്പം ക്രിസ്മസ് ട്രീ, പാതിരാകുർബാന, കമ്പിത്തിരികത്തിക്കൽ, പടക്കംപൊട്ടിക്കൽ എന്നിവയും ഓർമ്മവരുന്നു.

ഹോളിഫാമിലി അപ്പോസ്തലിക് സ്കൂളിൽ 1970–71 കാലഘട്ടത്തിൽ പഠിച്ചിരുന്നപ്പോൾ ഞങ്ങൾ 17 പേർ ഉണ്ടായിരുന്നു. മൂന്നാറിൽ നിന്നും ഒരു ഗ്രൂപ്പ് പാമ്പനാർ, പീരുമേട്. വണ്ടിപ്പെരിയാരിയാറിൽ നിന്നും വേറൊരു ഗ്രൂപ്പ് കുട്ടികൾ. വനവാതുക്കര, നെടുമുടി, കോട്ടയം, ചെങ്ങളെ എന്നിവർ ചേർന്ന വേറൊരു ഗ്രൂപ്പ്. മോൺ. മുട്ടത്താഴത്തച്ചനായിരുന്നു ഞങ്ങളുടെ റെക്ടർ അച്ചൻ. പാട്ടിനോട് വളരെ ഇഷ്ടമുള്ള ഒരു വ്യക്തിയായിരുന്നു. അച്ചൻ അന്നത്തെ ടേപ്റിക്കോർഡിൽ സൈലന്റ് നൈറ്റ്, ഹോളി നൈറ്റ്, ജിംഗിൾബെൽ തുടങ്ങിയ പാട്ടുകൾ പഠിപ്പിച്ച് പല പള്ളികളിലും പാടിച്ചിരുന്നു. അതൊക്കെ ഓർക്കുമ്പോൾ സൈലന്റ് നൈറ്റ് പോലുള്ള പാട്ടുകൾ ഇപ്പോഴും ചെവിയിൽ മുഴങ്ങുന്നു.

അന്ന് വിജയപുരം രൂപതാ അദ്ധ്യക്ഷനായിരുന്ന റൈറ്റ്.റവ.ഡോ. കോർണേലിയൂസ് പിതാവ് അപ്പോസ്തലിക സ്കൂളിൽ സന്ദർശനം നടത്തുമ്പോൾ ഞങ്ങളെക്കൊണ്ട് പാട്ട് പാടിച്ചിരുന്നു. അദ്ദേഹം പാട്ടുകൾ എഴുതാനും പാടാനും ആസ്വദിക്കാനും കഴിവുള്ള പണ്ഡിതനായിരുന്നല്ലോ.

അംബ്രോസ് പിതാവിനൊപ്പം മിണ്ടാമഠത്തിൽ അൾത്താരബോയ് ആയിട്ട് കുർബാനയ്ക്ക് കൂടാനുള്ള അവസരം കിട്ടിയതും മങ്ങാത്ത ഓർമ്മയായി നിലനില്ക്കുന്നു.

മിണ്ടാമഠത്തിൽ അൾത്താരബോയ് ആയിരുന്നപ്പോൾ അവിടുത്തെ സ്പാനിഷ് സിസ്റ്റേഴ്സ് പാടിയിരുന്ന കീരിയേ, ഗ്ലോറിയ, ക്രേദോ, സാങ്തൂസ്, പാത്തർനോസ്തർ തുടങ്ങിയ പാട്ടുകൾ കേട്ട് പഠിച്ചത് വീണ്ടും ലാറ്റിൻ മാസിലൂടെ കേൾക്കുന്നത് ഇപ്പോഴും ആസ്വദിക്കുന്നു.

പാതിരാകുർബാന കഴിഞ്ഞ് വരുമ്പോൾ രാവിലെത്തേയ്ക്കുള്ള അപ്പവും ഇറച്ചിയും ഉണ്ടാക്കിയത് ചെറുതായി കഴിച്ച് തുടങ്ങുമായിരുന്നത് ഇപ്പോഴും ഓർക്കുന്നു. പണ്ടൊക്കെ കൂട്ടുകുടുംബമായിരുന്നു. എല്ലാവരും ഒരുമിച്ച് ഭക്ഷണം കഴിച്ചിരുന്നു. ആ പങ്ക് വെയ്ക്കലും ഒരുമിച്ച്

ഭക്ഷിക്കുമ്പോൾ ലഭിക്കുന്ന സ്വാദും ഇപ്പോഴത്തെ തലമുറയിൽ ഉണ്ടോയെന്ന് സംശയമാണ്.

നമ്മൾ പാതിരാകുർബാന കഴിഞ്ഞ് വരുമ്പോൾ പരിശുദ്ധ പാപ്പായുടെ പാതിരാകുർബാന സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ ചൊല്ലുന്നത് ഏതാനും ഭാഗങ്ങൾ റ്റി.വി.യിൽ കാണിച്ചിരുന്നു. അത് കാണുമ്പോൾ റോമിലും മറ്റും പോകണമെന്ന് തോന്നിയിരുന്നു. ഹോളി ലാൻഡും ലൂർദും, സ്പെയിനും മജ്ഗുറിയും പിന്നീട് സന്ദർശിക്കാനായത് ഭാഗ്യമായി കരുതുന്നു. ■

---

# സഹനത്തിൽ വിരിഞ്ഞ അമ്മ

**ദൈവദാസി- മനുഷ്യാവതാര പ്രേക്ഷിത സന്യാസസഭ സ്ഥാപക മദർ - കാർലാ ബോർഗേരി**

ഞങ്ങളുടെ സഭാ സ്ഥാപക മദർ കാർലാ ബോർഗേരിയെ ദൈവദാസി പദവിയിലേക്ക് ഉയർത്തിയതിന്റെ സന്തോഷം Incarnation Sisters, കുമരകത്തുനിന്നും പരിശുദ്ധ വിമലഗിരി അമ്മയുടെ മക്കളെ സ്നേഹപൂർവ്വം അറിയിക്കുവാൻ ഈ അവസരം വിനിയോഗിച്ച് കൊള്ളട്ടെ. അമ്മയുടെ മൂല്യം അളക്കുവാനോ സ്നേഹത്തിന്റെ ആഴം അറിയുവാനോ ആർക്കും സാധിക്കില്ല. ഭൂമിയിൽ പിറന്നു വീഴാൻ ഓരോ കുഞ്ഞിനും അമ്മയെ നൽകുന്ന തമ്പുരാൻ മനുഷ്യാവതാര പ്രേഷിത സന്യാസസഭ പിറക്കാൻ തിരഞ്ഞെടുത്തത് മദർ കാർലാ ബോർഗേരിയിലൂടെയാണ്. ഇറ്റലിയിലെ അലക്സാട്രിയായിൽ ജുസേപ്പിന്റെയും വോർദോ ബോർഗേരിയുടെയും ഏകമകളായി 1922 ഫെബ്രുവരി 17-ന് കാർലാ ബോർഗേരി ജനിച്ചു.

ദൈവത്തിന്റെ സ്നേഹസ്പർശനം പ്രത്യേകമാം വിധം അനുഭവിച്ചറിയുവാൻ കാർലക്ക് അവസരം ലഭിച്ചു. താനറിയാതെ തന്നെ സ്നേഹിച്ച ദൈവത്തിന്റെ കരുണാർദ്രസ്നേഹം തിരിച്ചറിഞ്ഞത് അവളുടെ ജീവിതത്തിന്റെ വഴിത്തിരിവിന് കാരണമായി. ദൈവം അവൾക്കു നൽകിയ ആത്മീയ നിയന്താവായ ഫാ. റൊമാനിയുടെ ആത്മാർത്ഥമായ അനുകമ്പയും ഫാ. ലൂയിജിയുടെ ആത്മീയ ഉപദേശവും കാർലക്ക് ദൈവീക പദ്ധതിയെ വിവേചിച്ചറിയുവാൻ സാധിച്ചു. കന്യാവ്രതം, ദാരിദ്രം, അനുസരണം എന്നീ വ്രതങ്ങളെ സ്വമനസാ സ്വീകരിച്ച് ദിവ്യകാരുണ്യനാഥന്റെ സ്വന്തമായ അമ്മയോടൊപ്പം ജീവിച്ചു. കാർലയുടെ ഈ ജീവിതരീതിയിലേക്ക് പലരും ആകർഷിക്കപ്പെട്ടു. ലോകത്തിന്റെ ആനന്ദത്തിൽ നിന്നകന്ന് പ്രാർത്ഥനയും അദ്ധ്വാനവും ദൈവവചന ധ്യാനവുമായി ആദ്യത്തെ സന്യാസസമൂഹം 1961 ജൂൺ 29ന് തുടക്കം കുറിച്ചു. ഇറ്റലിയിൽ മുളയെടുത്ത സഭ ഇന്ത്യയിലും ആഫ്രിക്കയിലും അൽബേനിയയിലും ഫിലിപ്പിയൻസിലും വിയറ്റ്നാമിലും വളർന്നു പന്തലിക്കാൻ മദറിനെ ദൈവം ഒരു

ക്കി. അശരണർക്കും ആലംബഹീനർക്കും ആശ്രയമേകാൻ ഇന്ത്യയുടെ പല ഭാഗത്ത് വികലാംഗർക്കും ചെകിടർക്കും മൂകർക്കും ഭിന്നശേഷിക്കാർക്കും വാർദ്ധക്യത്താൽ കുടുംബങ്ങളിൽ നിന്ന് ഭ്രഷ്ടായവർക്കും ഭവനങ്ങൾ ആരംഭിക്കുന്നതിനും അവർക്കാവശ്യമായ സേവനങ്ങൾ സംലഭ്യമാക്കുന്നതിനും മദറിന് സാധിച്ചു.

മനുഷ്യാവതാരം സ്നേഹം കാൽവരിയിലെ ബലിയിലാണ് പൂർത്തീകരിക്കപ്പെട്ടത്. അതിനാൽ ബലിയിലൂടെ ആ ദിവ്യസ്നേഹത്തിന്റെ പങ്കുവയ്ക്കൽ എന്നും ആവർത്തിക്കപ്പെടുന്നു. ആ രക്ഷാകരമായ ദൗത്യം മാനവരിലേക്ക് എത്തുന്നത് വൈദീകരിലൂടെയാണ്. അതുകൊണ്ട് വൈദീകരുടെ മനുഷ്യാവതാര പ്രേക്ഷിത സഭ തുടങ്ങാനുള്ള ദിവ്യപ്രചോദനം മദറിനുണ്ടായി. ഏറെ നാളത്തെ പ്രാർത്ഥനക്കും ഒരുക്കത്തിനുംശേഷം 1994-ൽ മദറിന്റെ സ്വപ്നം പൂവണിഞ്ഞു.

യേശുവിന്റെ മനുഷ്യാവതാര സ്നേഹം സ്വജീവിതം കൊണ്ട് പ്രഘോഷിച്ച് തന്റെ നിത്യസമ്മാനത്തിനായി 2006 സെപ്റ്റംബർ 20ന് ആ പുണ്യാത്മാവ് യാത്രയായി. ഇന്നും സ്വർഗ്ഗത്തിന്റെ ജാലകത്തിലൂടെ പുഞ്ചിരി തൂകി അമ്മ നമ്മെ നോക്കുന്നു. ■

---

## പരേതരെ സ്മരിക്കാം – ജനുവരി

| | | |
|---|---|---|
| 06 | (1974) | ഫാ. ലൂയിസ് ഏഞ്ചൽ ഒ. സി. ഡി. |
| 06 | (1949) | ഫാ. ടാർസിസിയൂസ് ഒ. സി. ഡി. |
| 06 | (1961) | ഫാ. ബ്ലയ്സ് ഒ. സി. ഡി. |
| 06 | (2001) | ഫാ. ജോർജ് മനക്കിൽ |
| 09 | (1979) | ഫാ. മരിയാൻ ഒ. സി. ഡി. |
| 10 | (1982) | ബിഷപ് അംബ്രോസ് അബസോളോ ഒ. സി. ഡി. |
| 12 | (2008) | ഫാ. ജോസഫ് മണിമല |
| 17 | (1993) | ഫാ. ആന്റണി വാഴപ്പള്ളി |
| 18 | (1993) | ഫാ. പീറ്റർ തറയിൽ |
| 19 | (1945) | ഫാ. ജോസഫ് കണക്കശേരി |
| 19 | (1995) | ഫാ. മാത്യു പൊയ്യാത്തുരുത്തി |
| 21 | (2008) | ഫാ. ജെറോം മനക്കിൽ |
| 22 | (1952) | ഫാ. ജോൺ എമ്മാനുവൽ ഒ. സി. ഡി. |
| 23 | (1992) | ഫാ. കുര്യൻ പുത്തൻബംഗ്ലാവ് |
| 27 | (2022) | ഫാ. ഡോമിനിക് പെരുമ്പനാനി |
| 28 | (1989) | ഫാ. ജോർജ് കളത്തിൽ |

# കർത്താവിന്റെ കടന്നുവരവ്

**ലോ**കത്തിനു രക്ഷയേകാൻ ദൈവപുത്രൻ മനുഷ്യനായി അവതരിച്ചതിന്റെ കഥയാണ് ക്രിസ്മസ് നമ്മോടു പറയുന്നത്.

1. അവിടുന്നു രക്ഷകനായി കടന്നുവന്നു. തിന്മയുടെ ശക്തികളിൽ നിന്നും പാപത്തിൽ നിന്നും രോഗത്തിൽ നിന്നും പട്ടിണിയിൽ നിന്നും മരണത്തിൽ നിന്നും മനുഷ്യനെ വിമോചിപ്പിക്കാൻ.
2. അവിടുന്നു പരിശുദ്ധാത്മാവിന്റെ ശക്തിയാൽ കന്യാമറിയത്തിൽ നിന്നും അഭിഷിക്തനായ് കടന്നുവന്നു. നമ്മെ സ്നേഹം കൊണ്ടും വിജ്ഞാനംകൊണ്ടും സമാധാനം കൊണ്ടും അനുഗ്രഹം കൊണ്ടും സന്തോഷം കൊണ്ടും പ്രകാശം കൊണ്ടും ശക്തി കൊണ്ടും നിറക്കാൻ.
3. അവിടന്നു വചനത്തിന്റെ അവതാരമായി കടന്നുവന്നു. ദൈവസ്നേഹവും ദൈവപദ്ധതിയും ദൈവേഷ്ടവും ദൈവത്തിന്റെ വാഗ്ദാനങ്ങളും നമുക്കു വെളിപ്പെടുത്താൻ സ്വപ്നങ്ങൾകൊണ്ടും പ്രതീക്ഷകൾ കൊണ്ടും നമ്മെ നിറക്കാൻ.
4. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ ആയി അവിടന്നു കടന്നുവന്നു. നമ്മുടെ ലോകത്തെ ദൈവസാന്നിദ്ധ്യം കൊണ്ടും ദൈവീക കാഴ്ചപ്പാടുകൊണ്ടും ദൈവശക്തികൊണ്ടും നിറച്ച് ദൈവരാജ്യമായി പരിവർത്തനപ്പെടുത്താൻ.

   ദൈവം നമ്മുടെ ഹൃദയങ്ങളിലേക്കും കുടുംബങ്ങളിലേക്കും ചരിത്രത്തിലേക്കും ലോകത്തിലേക്കും കടന്നുവന്ന് നമ്മെ നിറക്കട്ടെ.

---






## ജന്മദിനാശംസകൾ

**ജനുവരി**

| | |
|---|---|
| 01 | ഫാ. തോമസ് വല്ലത്തുംചിറ |
| 07 | ഫാ. ജോസഫ് നെടുനിലത്ത് |
| 09 | ഫാ. ഗ്രിഗറി കൂട്ടുമ്മേൽ |
| 12 | ഫാ. അലക്സ് കൊച്ചാട്ട് |
| 12 | ഫാ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ |
| 13 | ഫാ. വർഗീസ് പുതുശേരിയിൽ |
| 15 | ഫാ. തോമസ് തൈപ്പറമ്പിൽ |
| 25 | ഫാ. സുരേഷ് എ. |
| 26 | ഫാ. സെബാസ്റ്റ്യൻ വില്ലുകുളം |
| 30 | ഫാ. ജോസഫ് മുണ്ടശേരി |

# വിഴിഞ്ഞം തീരദേശ സമരത്തോട് ഐക്യദാർഢ്യം വിജയപുരം രൂപതാ പാസ്റ്ററൽ കൗൺസിൽ

**ബി**ഷപ്പ് സെബാസ്റ്റ്യൻ തെക്കെതേച്ചേരിലിന്റെ അധ്യക്ഷതയിൽ കൂടിയ വിജയപുരം രൂപതാ പാസ്റ്ററൽ കൗൺസിൽ സമ്മേളനം വിഴിഞ്ഞത്ത് മത്സ്യത്തൊഴിലാളികൾ നടത്തുന്ന അതിജീവനസമരത്തിന് പൂർണ്ണ ഐക്യദാർഢ്യം പ്രഖ്യാപിച്ചു. മനുഷ്യാവകാശങ്ങളും സാമാന്യനീതിയും നിഷേധിക്കപ്പെട്ടും ഭവനങ്ങളും ജീവനോപാധികളും നഷ്ടപ്പെട്ടും സിമിന്റ് ഗോഡൗണുകളിൽ കഴിയുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ 135 ദിവസമായി തുടരുന്ന സഹനസമരത്തെ തീവ്രവാദബന്ധം ആരോപിച്ച് നിരന്തരസമരങ്ങൾക്കു നേതൃത്വം നൽകി അധികാരത്തിലെത്തിയ പാർട്ടികൾ നയിക്കുന്ന ജനകീയ സർക്കാർ, തകർക്കാൻ ശ്രമിക്കുന്ന നിലപാട് തിരുത്തണമെന്ന് വിജയപുരം രൂപതാ പാസ്റ്ററൽ കൗൺസിൽ ആവശ്യപ്പെട്ടു. നിലനിൽപ്പിനുവേണ്ടി പൊരുതുന്ന നിരാലംബരായ വിഴിഞ്ഞത്തെ തീരദേശവാസികളോടുള്ള ശത്രുതാപരമായ നിലപാട് കേരള സർക്കാർ ഉപേക്ഷിക്കണം.

ഇക്കഴിഞ്ഞ 27നു നടന്ന അനിഷ്ടസംഭവങ്ങൾ ഒഴിവാക്കേണ്ടതായിരുന്നു. എന്നാൽ സമരക്കാരുടെ ഇടയിലേക്ക് തീവ്രവാദികൾ നുഴഞ്ഞുകയറി എന്ന ആരോപണം ശരിയാണെങ്കിൽ അത് ആഭ്യന്തര വകുപ്പിന്റെ വീഴ്ചയാണെന്നത് സമ്മതിക്കേണ്ടിവരും. കൂടാതെ അധികാരം കൈയ്യാളുന്നവർക്ക് ആരെയും രാജ്യദ്രോഹി എന്ന മുദ്ര ചാർത്തി ആക്ഷേപിക്കാം. മറിച്ച് അപ്രകാരം മറ്റാരെങ്കിലും പ്രസ്താവിച്ചാൽ അത് ക്രിമിനൽ കുറ്റമായിത്തീരുന്നുവെന്നത് പരിഹാസ്യമാണ്. കുറേദിവസങ്ങളായി സമരക്കാർക്കും സാധാരണക്കാർക്കുമെതിരെ തുടർച്ചയായി കേസെടുക്കുന്നതിൽ പൊലീസ് അനാവശ്യ ശുഷ്കാന്തി കാണിക്കുന്നുവെന്നത് പൊതുസമൂഹം മനസിലാക്കുന്നുണ്ട്. കേരളീയ സമൂഹത്തിന്റെ സർവമേഖലകളിലും ദീർഘകാലമായി പ്രവർത്തിക്കുന്ന ബിഷപ്പുമാരുൾപ്പെടെയുള്ള വ്യക്തികളെ രാജ്യദ്രോഹികളും ഗൂഢാലോചനക്കാരുമായി ചിത്രീകരിച്ച് അപമാനിക്കുന്നതിനെ ഈ കൗൺസിൽ അപലപിക്കുന്നു. ഈ നടപടികളിൽ നിന്നും പിൻമാറി സാധാരണമത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങളോട് അനുഭാവസമീപനം സ്വീകരിക്കേണ്ടത് ഒരു ജനപ്രിയ സർക്കാരിന്റെ കടമയാണെന്ന് ഈ യോഗം വിലയിരുത്തുന്നു.

സമരത്തിനാധാരമായ 6 ആവശ്യങ്ങൾ അംഗീകരിച്ചു എന്ന് വാക്കാൽ ആവർത്തിക്കുന്നതല്ലാതെ മറ്റൊന്നും സർക്കാർ ചെയ്തിട്ടില്ല എന്നതാണു യാഥാർഥ്യം, ജീവിതമാർഗം നഷ്ടപ്പെട്ട, കാറ്റുകടക്കാത്ത സിമിന്റ് ഗോ

ഡൗണുകളിൽ കഴിയുന്ന പരമദരിദ്രരായ ഈ മത്സ്യത്തൊഴിലാളികൾ തുഛമായ 5500/ രൂപ പ്രതിമാസ വാടക സ്വീകരിച്ച് എവിടേക്കെങ്കിലും പോകണമെന്ന നിലപാട് അതിക്രൂരമാണ്. ഏറ്റുമുട്ടലിന്റെ പാത ഉപേക്ഷിച്ച് പ്രശ്നം രമ്യമായി ചർച്ചചെയ്ത് ന്യായമായ പരിഹാരമാർഗങ്ങളിലെത്താൻ മുൻകൈ എടുക്കണമെന്ന് സർക്കാരിനോട് ഈ കൗൺസിൽ ആവശ്യപ്പെടുന്നു. ഒപ്പം തീരത്ത് അശാന്തി വിതയ്ക്കുകയും സുരക്ഷിതത്വവും സമാധാനവും തകർക്കുകയും വർഗീയ സംഘർഷത്തിനു കോപ്പു കൂട്ടുകയും ചെയ്യുന്നവരെ കർശനമായി നേരിടണമെന്നും സമാധാനം സംരക്ഷിക്കാൻ സർക്കാർ അടിയന്തിരമായി ഇടപെടണമെന്നും ഈ യോഗം ആവശ്യപ്പെടുന്നു.

---

## ദളിത് ക്രൈസ്തവരോട് നീതി പുലർത്തണം

കേന്ദ്രസംസ്ഥാന സർക്കാരുകൾ സ്വീകരിക്കുന്ന ദളിത് ക്രൈസ്തവരോടുള്ള മനുഷ്യത്വരഹിതമായ സമീപനം അവസാനിപ്പിക്കണമെന്നും നൂറ്റാണ്ടുകളായി ഈ മണ്ണിൽ അടിമത്ത വ്യവസ്ഥിതിക്കു ഇരകളായി ജീവിച്ച ഇവർക്കു നീതി ലഭ്യമാക്കണമെന്നും പാസ്റ്ററൽ കൗൺസിൽ യോഗം ആവശ്യപ്പെട്ടു. അവർ സ്വീകരിച്ച വിശ്വാസത്തിന്റെ പേരിൽ ദളിത് ക്രൈസ്തവരുൾപ്പെടെയുള്ള പിന്നോക്ക വിഭാഗക്കാർ വിദേശീയരാണെന്നും വിദേശപണം കൈപ്പറ്റുന്നവരാണെന്നും ആരോപിച്ച് ഭരണഘടനാപരമായ അവകാശങ്ങൾ നിഷേധിക്കുന്ന സമീപനം ഉപേക്ഷിക്കണം. രാജ്യത്തു നിലവിലുള്ള സംവരണ സംവിധാനം ഒരിക്കലും അട്ടി മറിക്കപ്പെടരുത്. ദളിത് ക്രൈസ്തവരുൾപ്പെടെയുള്ള പിന്നോക്കക്കാർക്ക് അർഹമായ സംവരണാനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന് കൗൺസിൽ യോഗം കേന്ദ്ര സംസ്ഥാന സർക്കാരുളോട് ആവശ്യപ്പെട്ടു.

---



ലത്തീൻ കത്തോലിക്കാദിനാചരണം: ചാത്തൻതറ

# ദുബായിലെ കേരള ലത്തീൻ കത്തോലിക്ക കൂട്ടായ്മ KRLCC Dubai "Latin Day 2022" ആഘോഷിച്ചു




ദുബായിലെ കേരള ലത്തീൻ കത്തോലിക്ക കൂട്ടായ്മ KRLCC Dubai "Latin Day 2022' ആഘോഷിച്ചു.

ദുബായ് സെന്റ് മേരീസ് ദേവാലയത്തിൽ വെച്ച് KRLCC Dubai കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ 'Latin Day 2022' ഡിസംബർ 11 ഞായറാഴ്ച സമുചിതമായി ആഘോഷിച്ചു.

ഉച്ചക്ക് 2 മണിക്ക് വിജയപുരം റോമൻ കത്തോലിക്കാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ പൊന്തിഫിക്കൽ ദിവ്യബലി അർപ്പിച്ചു. ദുബായ് ഇടവക വികാരി ഫാ. ലെനി കോന്നുള്ളി, മലയാളം കമ്മ്യൂണിറ്റി സ്പിരിചൽ ഡയറക്ടർ ഫാ.വർഗീസ് കോഴിപ്പാടൻ, ഫാ.ജീസൻ, ഫാ.ടോണി, ഫാ.വിക്ടർ ഫെർണാണ്ടസ്, ഫാ.ആബിദ് എന്നിവർ സഹകാർമികരായിരുന്നു.

'സാഹോദര്യം വിതയ്ക്കുക' എന്ന ആപ്തവാക്യം മുൻനിർത്തി പൊന്തിഫിക്കൽ ദിവ്യബലിക്ക് ശേഷം നടന്ന പൊതുസമ്മേളനം ഈ വർഷത്തെ ലാറ്റിൻ ഡേയുടെ മുഖ്യാതിഥിയും കേരള ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതി (KRLCBC) യുടെ മൈഗ്രന്റ്സ് കമ്മീഷൻ ചെയർമാനുമായ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ് ഉത്ഘാടനം ചെയ്തു. കേരള ലാറ്റിൻ കമ്മ്യൂണിറ്റി KRLCC Dubai പ്രസിഡന്റ് ശ്രീ.മരിയദാസ്. സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ശ്രീ. ബിബിൻ ജോസഫ് കൂട്ടായ്മയുടെ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. സതേൺ അറേബ്യയുടെ വികാരി അപ്പോസ്തോലിക്ക ബിഷപ്പ് അഭിവന്ദ്യ പൗലോ മാർട്ടിനെല്ലി, ശ്രീ. ബിബിയാൻ ബാബു, റവ.ഫാ ലെനി , റവ.ഫാ. വർഗീസ്, മിസ് ജോവാന ഫെർണാണ്ടസ് എന്നിവർ സംസാരിച്ചു.

തുടർന്ന് കേരള ലാറ്റിൻ കമ്മ്യൂണിറ്റി അംഗങ്ങളുടെ വിവിധ കലാപരിപാടികൾ വേദിയിൽ അരങ്ങേറി. ലാറ്റിൻ ഡേ 2022 ഫിനാൻസ് കമ്മിറ്റി കൺവീനർ ശ്രീ.ഫ്രാൻസിസ് പനക്കലിന്റെ കൃതജ്ഞതയോടുകൂടി ഈ വർഷത്തെ ലാറ്റിൻ ഡേയ്ക്ക് സമാപനം കുറിച്ചു.

---

# പുതുവർഷം



**സ്റ്റീഫൻ പുത്തൻപറമ്പിൽ**

ഉത്തമ ഗീതങ്ങളെത്രയോ കേട്ടു നാം
സത്യത്തിലുത്തമനായി നാം മാറിയോ
വർഷങ്ങളെത്രയോ തന്നോരു ക്രിസ്തുവിൽ
ശിഷ്യനെന്നുച്ചത്തിൽ നിത്യനും ചൊല്ലിയോ

എത്തുന്നു വർഷത്തിലെങ്കിലും ക്രിസ്തുവിൻ
ശിഷ്യനെന്നുച്ചത്തിൽ ശക്തിയിൽ ചൊല്ലിടാം
ലജ്ജജ്ജിച്ചു കുമ്പിട്ടു മാറി നിന്നീടുകിൽ
തച്ചുടക്കാൻ ചിലർ തക്കമൊരുക്കുന്നു

ലത്തീനത്യുന്നതത്തിൽ നിന്ന് ക്രിസ്തുവിൻ
ശക്തിയിലുത്തമമാതൃകയാം സഭ
സത്യവും ത്യാഗവുമൊത്തൊരുമിച്ചത്
മർത്യന് സേവനമെത്രയോ ചെയ്തത്

മിന്നും പ്രളയത്തിൽ മുങ്ങും ജനതയെ
വഞ്ചിയിൽ വന്നന്നു രക്ഷിച്ചതല്ലയോ
അന്നുയിരേകിയ കടലിന്റെ മക്കളെ
ഇന്നലയാഴിയിൽ മുക്കാൻ കൊതിപ്പൂ.

അത്യാർത്തിയോടെ അടുക്കുന്നദാനിമാർ
ലത്തീനെക്കൊത്തിയിരുത്തിക്കൊഴുക്കുവാൻ
പുത്തനുണർവുമായ് എത്തും പുലരിയിൽ
ക്രിസ്തുവിലർപ്പിച്ച് ശക്തരായ്ത്തീർന്നിടാം

ഒത്തൊരുമിച്ചു നാം പ്രാർത്ഥിച്ച് മുന്നേറിൽ
പത്തിമടക്കുമീ നിഷ്കരുണാർത്ഥികൾ
ശക്തനാം കർത്താവ് നമ്മെ നയിക്കുമ്പോൾ
സംശയം തെല്ലുമേ നമ്മിലില്ല.

ശാന്തിയും സ്നേഹവും സാദരം വാഴുവാൻ
മാലോകരെല്ലാരുമേകരായ്ത്തീരുവാൻ
വെള്ളരിപ്രാവിന്റെ നിർമ്മലത്തേരിലായ്
വന്നണയൂ പുതുവർഷമേ സ്വാഗതം.

# ബൈബിൾ: പുതുവർഷത്തിന് പാഠപുസ്തകം

മോൺ. ജോസ് നവസ്

**പു**തിയ തുടക്കങ്ങളുടെ ഗ്രന്ഥമാണ് ബൈബിൾ. രക്ഷാകര ചരിത്രമോ വിട്ടുകൊടുക്കലിന്റെയും പുതുതാകലിന്റെയും വിവരണവും.

1. ബൈബിൾ തുടങ്ങുന്നത് സൃഷ്ടിവിവരണത്തോടെയാണ്. പഴയതിനെ വിട്ട് പുതിയതിനെ പുൽകുന്നതിന്റെ വിവരണമാണത്. പഴയത് രൂപ രഹിതമായ അവസ്ഥയായിരുന്നു. അന്ധകാരവും ആഴവും ക്രമരാഹിത്യവും ആയിരുന്നു അവിടെ. അവിടെ ജീവനോ നന്മയോ ഇല്ലായിരുന്നു. എന്നാൽ പുതിയതിലോ അവിടെ ദൈവത്തിന്റെ സ്നേഹ സാന്നിദ്ധ്യം വെളിപ്പെട്ടപ്പോൾ, അവിടെ പരിശുദ്ധാത്മാവ് പ്രവർത്തനനിരതനായപ്പോൾ, ദൈവവചനം വിളംബരംചെയ്യപ്പെട്ടപ്പോൾ അവിടെ ക്രമീകൃതമായ ലോകമുണ്ടായി. സമയവും സ്ഥലവും കാലങ്ങളും ക്രമീകരിക്കപ്പെട്ടു. അവിടെ ജീവനുണ്ടായി. നന്മനിറഞ്ഞു. (ഉൽ. 1: 1–31)
2. തുടർന്ന് പ്രളയകാലത്ത് ദൈവം നോഹയിലൂടെ പ്രവർത്തിക്കുന്നത് നാം കാണുന്നു. കാലവർഷത്തിലൂടെ വെള്ളപ്പൊക്കത്തിലൂടെ സൃഷ്ടി മുഴുവൻ ശുദ്ധീകരിക്കപ്പെടുകയും ഒരു പുതിയ ലോകം പ്രത്യക്ഷപ്പെടുകയും ചെയ്തു. (ഉൽ. 7: 17–8:22)
3. കൃത്യാർത്ഥത്തിൽ രക്ഷാകരചരിത്രത്തിന്റെ ആരംഭത്തിൽ ദൈവം അബ്രഹാമിനെ വിളിക്കുന്നത് നാം കാണുന്നു. തന്റെ ഇന്നലകളെ വിട്ട് (നാടും വീടും പറമ്പും ബന്ധുക്കളും മിത്രങ്ങളും) ദൈവം കാണിച്ചുകൊടുക്കുന്ന നാട്ടിലേക്കും ഭാവിയിലേക്കും മുന്നേറാൻ ആഹ്വാനം ചെയ്യുകയും ചെയ്യുന്നു. (ഉൽ. 12: 1)
4. ദൈവം മോശയെ വിളിച്ച് തന്റെ ജനത്തെ ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് മോചിപ്പിച്ച് തേനും പാലും ഒഴുകുന്ന വാഗ്ദത്ത നാട്ടിലേക്ക് നയിക്കാൻ അയച്ചു. (പുറ. 3: 8)
5. ബാബിലോൺ പ്രവാസകാലത്ത് അന്യനാട്ടിൽ അടിമകളായി ചിതറിക്കഴിഞ്ഞിരുന്ന ജനത്തോട് ദൈവം എശയ്യായിലൂടെ അരുൾ ചെയ്തു എന്തു സംഭവിച്ചു എന്ന കാര്യം മറക്കുക. ഇന്നലത്തെ ദുരിതങ്ങളെ ആവർത്തിച്ചയവിറക്കേണ്ട. കഴിഞ്ഞകാര്യങ്ങൾ ഓർക്കുകയോ പരിഗണിക്കുകയോ വേണ്ട. ഇതാ ഞാൻ പുതിയ ഒരു കാര്യം ചെയ്യുന്നു. അതു മുളയെടുക്കുന്നത് നിങ്ങൾ അറിയുന്നില്ലേ. (എശ. 43: 18–19)
6. പ്രവാസത്തിൽ നിന്നു തിരിച്ചുവരുന്ന ജനതയോട് ദൈവം പറഞ്ഞു. ഇതാ ഒരുപുതിയ ആകാശവും പുതിയ ഭൂമിയും ഞാൻ സൃഷ്ടി

ക്കുന്നു. പൂർവ്വകാര്യങ്ങൾ അനുസ്മരിക്കുകയോ മനസ്സിൽ വരുകയോ ഇല്ല. ഞാൻ സൃഷ്ടിക്കുന്നവയിൽ നിങ്ങൾ നിത്യം സന്തോഷിക്കുകയും ആനന്ദിക്കുകയും ചെയ്യുവിൻ. ജറുസലെമിനെ ഒരു ആനന്ദമായും അവളുടെ ജനത്തെ ആഹ്ളാദമായും ഞാൻ സൃഷ്ടിക്കുന്നു. (എശ. 65: 17–18)

7. ജറമിയയിലൂടെ ദൈവം ഇസ്രായേൽ ജനത്തോടു പറഞ്ഞു. ആ ദിവസം വരുമ്പോൾ ഞാൻ ഇസ്രായേലുമായി ചെയ്യുന്ന ഉടമ്പടി ഇതായിരിക്കും. ഞാൻ നിയമം അവരുടെ ഉള്ളിൽ നിക്ഷേപിക്കും. അവരുടെ ഹൃദയത്തിൽ എഴുതും. ഞാൻ അവരുടെ ദൈവവും അവർ എന്റെ ജനവുമായിരിക്കും. (ജറ. 3133)

8. എസക്കിയേൽ പ്രവാചകനിലൂടെ ദൈവം ഇസ്രായേൽ ജനത്തോട് സംസാരിച്ചു. ഒരു പുതിയ ആകാശവും പുതിയ ഭൂമിയും നിങ്ങൾക്കു ഞാൻ നൽകും. ഒരു പുതു ചൈതന്യം നിങ്ങളിൽ ഞാൻ നിക്ഷേപിക്കും. നിങ്ങളുടെ ശരീരത്തിൽ നിന്ന് ശിലാഹൃദയം എടുത്തുമാറ്റി മാംസള ഹൃദയം നൽകും. (എസെ. 36:36)

9. പുതിയ നിയമത്തിൽ രക്ഷകനുമുന്നോടിയായി കടന്നുവന്ന സ്നാപകയോഹന്നാൻ പശ്ചാത്താപത്തിന്റെയും മാനസാന്തരത്തിന്റെയും സന്ദേശമേകി കർത്താവിന് വഴിയൊരുക്കി. (ലൂക്കാ 3:5)

10. യേശു തന്റെ പരസ്യജീവിതമാരംഭിച്ചത് ഇങ്ങനെയാണ്. ഇതാ സമയം സമാഗതമായി പശ്ചാത്തപിക്കുക. നിങ്ങൾ ഭൂതങ്ങളിൽ നിന്ന് വിട്ടകലുക. ദൈവരാജ്യം (നമ്മുടെ ഭാവി) ഇതാ സമീപിച്ചിരിക്കുന്നു.

11. യേശു തന്റെ ശുശ്രൂഷയെപ്പറ്റി ഇങ്ങനെ പറഞ്ഞു. കർത്താവിന്റെ ആത്മാവ് എന്നിലുണ്ട്. അവിടുന്ന് എന്നെ അഭിഷേകം ചെയ്തയച്ചിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു. (ലൂക്കാ 4: 18–19)

12. രക്ഷാകരചരിത്രത്തിന്റെ കേന്ദ്രം ക്രിസ്തുവിന്റെ മരണവും ഉത്ഥാനവും അതിലൂടെ സാധിച്ച രക്ഷയുമാണ്. മരണത്തിൽ നിന്ന് ജീവനിലേക്ക് സമയത്തിൽ നിന്ന് നിത്യതയിലേക്ക് ശാപത്തിൽ നിന്ന് രക്ഷയിലേക്കുള്ള കടന്നുപോക്കാണത്.

13. കർത്താവ് പൗലോസിനോട് അരുൾ ചെയ്തു. അതിനാൽ അശുദ്ധിയും തിന്മയുമാകുന്ന പഴയപുളിപ്പുകൊണ്ടല്ല ആത്മാർത്ഥതയും സത്യവുമാകുന്ന പുതിയ പുളിപ്പുകൊണ്ടത്രേ. (1 കൊറി. 5:8)1

14. കൊറിന്ത്യർക്കുള്ള രണ്ടാം ലേഖനത്തിൽ പൗലോസ് എഴുതി. ക്രിസ്തുവിൽ ആയിരിക്കുന്നവൻ ഒരു പുതിയ സൃഷ്ടിയാണ്. പഴയതു കടന്നുപോയി. പുതിയത് വന്നു കഴിഞ്ഞു. (2 കൊറി 5:17)

15. എഫേസ്യർക്കുള്ള ലേഖനത്തിൽ പൗലോസ് എഴുതി. നിങ്ങളുടെ പഴയജീവിതരീതിയിൽ നിന്ന് രൂപം കൊണ്ട വഞ്ചനകളാൽ കലുഷിതനായ പഴയ മനുഷ്യനെ ദൂരെയെറിയുവിൻ. നിങ്ങൾ മനസ്സിന്റെ ചൈതന്യത്തിൽ നവീകരിക്കപ്പെടട്ടെ. യഥാർത്ഥമായ വിശുദ്ധിയിലും നീതിയിലും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ നിങ്ങൾ ധരിക്കുവിൻ. (എഫേ. 4:22–24)


16. ഫിലിപ്പിയക്കാർക്കുള്ള ലേഖനത്തിൽ പൗലോസപ്പോസ്തലൻ തന്റെ ജീവിതാനുഭവം ഇങ്ങനെ കുറിച്ചുവച്ചു. എന്നാൽ ഒരു കാര്യം ഞാൻ ചെയ്യുന്നു. എന്റെ പിന്നിലുള്ളവയെ വിസ്മരിച്ചിട്ട് മുന്നിലുള്ളവയെ ലക്ഷ്യമാക്കി ഞാൻ മുന്നേറുന്നു. (ഫിലി 3:13–14)

17. വെളിപാടു പുസ്തകത്തിലെ 21–ാം അദ്ധ്യായത്തിൽ ബൈബിളിന്റെ ഏറ്റം അവസാനത്തിൽ നാം വായിക്കുന്നു: ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഞാൻ കണ്ടു. ആദ്യത്തെ ആകാശവും ആദ്യത്തെ ഭൂമിയും കടന്നുപോയി. കടലും അപ്രത്യക്ഷമായി. (വെളി. 21:1)

18. അവിടെ വീണ്ടും നാം വായിക്കുന്നു. അവിടുന്ന് അവരുടെ മിഴികളിൽ നിന്ന് കണ്ണീർ തുടച്ചു നീക്കും. ഇനി മരണം ഉണ്ടായിരിക്കുകയില്ല. ഇനിമേൽ ദുഃഖമോ മുറവിളിയോ വേദനയോ ഉണ്ടാവുകയില്ല. പഴയതെല്ലാം കടന്നുപോയി. സിംഹാസനത്തിലിരിക്കുന്നവൻ പറഞ്ഞു. ഇതാ സകലവും ഞാൻ നവീകരിക്കുന്നു. (വെള. 21:4–5)

അങ്ങനെ ബൈബിൾ തുടക്കം മുതൽ അവസാനം വരെ പുതിയ തുടക്കങ്ങളുടെയും നവീകരണത്തിന്റെയും കഥ പുതുവർഷത്തിലേക്ക് കടന്നുവരുമ്പോൾ ബൈബിൾ നമ്മെ പഠിപ്പിക്കട്ടെ. ക്രിസ്തു നമ്മെ നയിക്കട്ടെ. പരിശുദ്ധാത്മാവ് നമ്മെ പ്രചോദിപ്പിക്കട്ടെ.

അങ്ങനെ പുതിയ ആകാശത്തിനു കീഴെ പുതിയ ഭൂമിയിൽ വസിക്കാൻ നമുക്ക് ഇടയാകട്ടെ.



**ബിഷപ് അംബ്രോസ് അബസോളോ**
*ചരമവാർഷിക ദിവ്യബലി*

**ജനുവരി 9–ന് രാവിലെ 6.30ന്**
**വിമലഗിരികത്തീഡ്രലിൽ**

# ക്രിസ്മസിനെപ്പറ്റി അറിയാൻ

**പ**രമ്പരാഗതമായി മൂന്നു നിറങ്ങളാണ് ക്രിസ്മസിനുള്ളത്. ചുവപ്പ്, പച്ച, സുവർണ്ണം. ചുവപ്പ് കർത്താവ് സഹിക്കാൻ പോകുന്ന പീഡാനുഭവ ത്തെയും രക്തത്തെയും സൂചിപ്പിക്കുന്നു. പച്ചയാകട്ടെ കർത്താവു തരുന്ന ജീവനെയും കർത്താവിലുള്ള പുനർജീവിതത്തെയും കുറിക്കുന്നു. സുവർണ്ണ നിറമാകട്ടെ മഹത്വത്തെയും യേശുവിലൂടെ വരുന്ന ഐശ്വര്യ ത്തെയും കുറിക്കുന്നു. അങ്ങനെ ക്രിസ്മസിലൂടെ വെളിപ്പെടുന്ന ക്രിസ്തു രാജാധിരാജനാണ്. നമുക്കു സമൃദ്ധമായ ജീവനേകുന്നവനാണ്. മനുഷ്യാ വതാരത്തിൽ തുടങ്ങിയ മഹാബലിയിലൂടെ നമുക്ക് രക്ഷയേകുന്ന സർവ്വ ജനത്തിന്റെയും നാഥനും രക്ഷകനുമാണ്.

### ഡിസംബർ 25: ക്രിസ്മസിന്റെ തീയതി

ക്രിസ്തു കൃത്യമായി ഏതു തീയതിയിൽ ജനിച്ചു എന്നതിനെപ്പറ്റി പണ്ഡിതർക്കിടയിൽ വ്യത്യസ്ഥാഭിപ്രായങ്ങളുണ്ട്. ക്രിസ്തുവിന്റെ ജന നത്തിന് കൃത്യമായ തീയതി പറയാനാവില്ല. ലോകത്തിന്റെ തുടക്കം മുതൽ യുഗാന്ത്യംവരെ തുടരുന്ന ഒരു പ്രക്രിയയാണ് ദൈവത്തിന്റെ മനു ഷ്യാവതാരം. അവിടുന്ന് ഓരോ വ്യക്തിയിലും ഓരോ യുഗത്തിലും ഓരോ ഇടങ്ങളിലും എന്നും ജനിക്കുന്നുണ്ട് ഉദാഹരണമായി നമ്മുടെ ഓരോ ദിവ്യബലിയിലും കർത്താവ് നമുക്കുവേണ്ടി പ്രത്യേകം ജനിക്കുന്നുണ്ട്. അതിനാലാണ് ക്രിസ്തുവിന്റെ ജനനത്തിന്റെ ആഘോഷത്തെ ക്രിസ്മസ് എന്നു പറയുന്നത്. പിന്നെങ്ങനെയാണ് ക്രിസ്തു ഡിസംബർ 25-ന് ജനിച്ചു എന്നു പറയുന്നത്. രണ്ടുകാരണങ്ങളാണ് പ്രധാനമായുള്ളത്.

1. ക്രൈസ്തവരായി തീർന്ന വിജാതീയർ സൂര്യനെ ദൈവമായികാണു കയും സൂര്യന്റെ ജന്മദിനം ഡിസംബർ 25-ന് ആഘോഷിക്കുകയും ചെയ്തിരുന്നു. പിൽക്കാലത്ത് അവർ ക്രൈസ്തവരായപ്പോൾ അവർ ക്രിസ്തുവിനെത്തന്നെ യഥാർത്ഥ സൂര്യനായി പ്രകാശത്തിന്റെ ഉറവി ടമായി കണ്ട് ഡിസംബർ 25 ക്രിസ്തുവിന്റെ ജന്മനാളായി കൊണ്ടാ ടാൻ തുടങ്ങി.
2. എ.ഡി. 320-ൽ റോമിലെ മെത്രാനായിരുന്ന ജൂലിയസ് പാപ്പ ക്രിസ്തു വിന്റെ ജനനത്തിരുനാൾ ഔദ്യോഗികമായി ഡിസംബർ 25-നെ പ്രഖ്യാ പിച്ചു.

യോഹന്നാൻ 10:10-ൽ യേശുനാഥൻ വിളംബരം ചെയ്തു. ഞാൻ വന്നത് നിങ്ങൾക്ക് ജീവനേകാൻ. അതു സമൃദ്ധമായി നൽകാൻ. അതി നാൽ യേശു തന്റെ ഏറ്റവും വലിയ പ്രതീകമായെടുത്തത് അപ്പത്തെയാ ണ്. പരിശുദ്ധ കുർബാനയിൽ പ്രകടമായ ആ യാഥാർത്ഥ്യം ക്രിസ്തുമ സിലൂടെയും വെളിവാക്കപ്പെടുന്നുണ്ട്. അപ്പത്തിന്റെ ഭവനത്തിൽ (ബേദ്ലഹേം) അപ്പത്തൊട്ടിയിൽ അപ്പമായി പിറന്നവനാണവിടുന്ന്.

# ബഫർസോൺ - സർക്കാർ കാര്യക്ഷമതയോടെയും ഉത്തരവാദിത്തത്തോടെയും പ്രവർത്തിക്കണം: കെ.ആർ.എൽസി.സി.

ബഫർസോണിലെ ജനവാസമേഖല സംബന്ധിച്ച ഉപഗ്രഹ സർവ്വെ റിപ്പോർട്ടിലെ അപാകതകൾ പരിഹരിക്കാൻ സർക്കാർ കാര്യക്ഷമതയോടെയും ഉത്തരവാദിത്തത്തോടെയും പ്രവർത്തിക്കണമെന്ന് കെആർഎൽസിസി ആവശ്യപ്പെട്ടു. ജനങ്ങളുടെ ജീവിതത്തെ ഗൗരവമായി ബാധിക്കുന്ന ഇത്തരം വിഷയങ്ങളിൽ സർക്കാർ സംവിധാനങ്ങൾ നിരന്തരം പരാജയ പ്പെടുകയാണ്.

വന്യജീവി സങ്കേതങ്ങൾക്കു ചുറ്റിലും ബഫർസോൺ നടപ്പാക്കുകയല്ല, വനാതിർത്തിക്കുള്ളിൽ സംരക്ഷിത വേലി തീർക്കുക യാണ് പ്രായോഗികം. സംസ്ഥാന സർക്കാർ കൃത്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സമീപിച്ചാൽ സുപ്രീംകോടതിയിൽ നിന്നും പരിഗണന ലഭിക്കുമെന്ന സൂചനകളും കോടതി നല്കിയിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ, ജനങ്ങളുടെ ആശങ്കകളും പരാതികളും പരിഹരിക്കാൻ അടിയന്തരമായി പ്രായോഗിക നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകണമെന്ന് കെആർഎൽസിസി രാഷ്ട്രീയ കാര്യസമിതി ചൂണ്ടിക്കാട്ടി.

ഡിസംബർ 11 ന് പ്രസിദ്ധീകരിച്ച റിപ്പോർട്ടിന്മേലുള്ള ആശങ്കകൾ അറിയിക്കാനുള്ള സമയപരിധി ദീർഘിപ്പിച്ച് ആശങ്കകളും ആക്ഷേപങ്ങളും പരിഹരിക്കാൻ കൂടുതൽ സമയം നല്കണം. റിപ്പോർട്ട് ബാധകമാകുന്ന എല്ലാ ഗ്രാമപഞ്ചായത്തുകളിലും സഹായകകേന്ദ്രങ്ങളും അവിടെയെല്ലാം ഉദ്യോഗസ്ഥരും കർഷക പ്രതിനിധികളുമടങ്ങിയ സഹായക സംഘത്തേയും നിയോഗിക്കണം. കെആർഎൽസിസി ആവശ്യപ്പെട്ടു.

കെആർഎൽസിസി പ്രസിഡണ്ട് ബിഷപ്പ് ഡോ. ജോസഫ് കരിയിൽ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ജനറൽ ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ, കെആർഎൽസിസി വൈസ് പ്രസിഡൻറ് ജോസഫ് ജൂഡ്, ജനറൽസെക്രട്ടറി ഫാ. തോമസ് തറയിൽ, സെക്രട്ടറി പി.ജെ തോമസ്, ഷാജി ജോർജ്, ഫാ. ജിജു അറക്കത്തറ, ബെന്നി പാപ്പച്ചൻ, ബാബു തണ്ണിക്കോട്, ഷൈജു റോബിൻ, ജിജോ ജോൺ, ഫാ. ഷാജ്കുമാർ, ജെയിംസ് സെക്വര എന്നിവർ പ്രസംഗിച്ചു.

**ജോസഫ് ജൂഡ്** *(ലത്തീൻ കത്തോലിക്കാ സഭാവക്താവ്)*

# എന്റെ ദൈവാലയം

**ലിജോ, പുതുച്ചിറ, എരുമേലി**



പ്രൊപ്പോസ് ഇടവകതൻ ആത്മീയഗേഹമാം
യൗസേപ്പിതാവിൻ ദൈവാലയമിന്ന്
നവതിയിലുണരുന്നു നാഥനോടൊപ്പം
നൽകിയ നന്മകൾക്ക് നന്ദിയേകാൻ

ഒൻപതു പതിറ്റാണ്ട് മുൻപിവിടെ
കൊളുത്തപ്പെട്ടൊരാ വിശ്വാസദീപം
ഇടവക ജനത്തിനൂർജ്ജം പകർന്ന്
ആത്മീയ അഗ്നിയായ് ജ്വലിച്ചിടുന്നു

കർമ്മപഥത്തിൽ കർമ്മോത്സുകരായ്
ഇടവക കുടുംബത്തെ പടുത്തുയർത്തിയ
നല്ലിടയന്മാർക്കും പൂർവപിതാക്കൾക്കും
അർപ്പിക്കുന്നായിരം പ്രാർത്ഥനാമലരുകൾ

ഇടവക കുടുംബത്തിൻ അജപാലകരായ്
ഞങ്ങളെ നയിച്ച നല്ല ഇടയന്മാർക്ക്
നന്ദിചൊല്ലുന്നു സർവശക്തനോടായ്
നാഥാ നീ കാത്തിടേണം നിത്യമവരെ

ഹൃദയത്തിനിണങ്ങിയ ഇടയന്മാരെ
ആടുകൾക്കേകിയ വിളവിന്റെ നാഥൻ
വൈദിക സന്യസ്ത ദൈവവിളിനൽകി
പ്രൊപ്പോസിനെ ഹൃത്താരിൽ ചേർത്തണച്ചു

ആതുര ശുശ്രൂഷയിൽ അഭിമാനമോടെ
അസ്സീസി ആലയവും നഴ്സിംഗ് കോളേജും
സെൻറ് ജോസഫ്സ്, അസ്സീസി മഠങ്ങളും
പ്രൊപ്പോസിന്റെ ചിറകായ് മാറുന്നു

തൊഴിലാളികളുടെ മധ്യസ്ഥൻ നീയേ
യൗസേപ്പിതാവേ തിരുകുടുംബപാലകാ
വരുമാന വീഥിയിൽ അനുഗ്രഹമേകണേ
കുടുംബവിളക്കായ് പ്രകാശിക്കണേ

മണ്ണോടലിഞ്ഞു ചേർന്നവരെല്ലാം
നിത്യവെളിച്ചത്തിൽ ലയിച്ചീടുവാൻ
നന്മരണ മധ്യസ്ഥാ യൗസേപ്പിതാവേ
ജീവന്റെ നാഥനോടപേക്ഷിക്കണേ

അനവധിയാകും അർത്ഥനയെല്ലാം
അറിയുന്നതാതാ യൗസേപ്പിതാവേ
പരമപിതാവിൻ സന്നിധി നിന്നുടെ
മക്കൾ ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ

# കനിവിന്റെ ക്രിസ്മസ് നിലാവ്

ഫാ. ജോഷി പുതുപ്പറമ്പിൽ

**എന്റെ ഒരു ക്രിസ്മസ് അനുഭവം**

നിലാവും മഞ്ഞും പെയ്ത് ഭൂമിയാകെ കുളിരാർന്നു വിറയ്ക്കുന്ന ഒരു ഡിസംബർ രാത്രിയിൽ ശുശ്രൂഷ ചെയ്തിട്ടുള്ള ഇടവകകളിൽ ഒരിടത്ത് കുട്ടികളുമായി ക്രിസ്തുവിന്റെ പിറവിയുടെ സന്ദേശമെത്തിക്കുവാൻ കരോൾ പാടി പോയ അനുഭവം. മരംകോച്ചുന്ന തണുപ്പുള്ള രാത്രീ വീടുകൾ മാറി മാറി കരോൾഗാനങ്ങൾ പാടി മുന്നോട്ടു നീങ്ങുമ്പോൾ ഉണ്ണീയേയും കയ്യിലേന്തിവന്ന യൗസേപ്പിതാവിനെ കാണുന്നില്ല. കരോൾ പാടികൊണ്ടിരുന്ന വീടിനുപിന്നിലുണ്ടായിരുന്ന ഒരു കാലിത്തൊഴുത്തിനോടു ചേർന്നുള്ള ചാണകകുഴിയിൽ യൗസേപ്പിതാവ് ഉണ്ണിയീശോയുമായി വീണുകിടക്കുന്നു. രാത്രിയിൽ പിറവിയുടെ ബലിയർപ്പണ മദ്ധ്യേ പുൽക്കൂട്ടിൽ പ്രതിഷ്ഠിക്കാനുള്ള ഉണ്ണീശോയുടെ തിരുസ്വരൂപം പൊട്ടിത്തകർന്നുപോയി. ബലി മദ്ധ്യേ പ്രഖ്യാപിച്ചു ഈ പ്രാവശ്യം തിരുപ്പിറവി പുൽക്കൂട്ടിൽ ആയിരിക്കില്ല. മറിച്ച് നമ്മുടെ ഉള്ളിലായിരിക്കട്ടെ. ശൂന്യമാക്കപ്പെട്ട പുൽക്കൂടിന്റെ ചിന്ത- മനുഷ്യമനസിനെ സ്നേഹത്തിന്റെയും കനിവിന്റെയും ത്രസിപ്പിക്കുന്ന ചിന്തകളാൽ നിറയ്ക്കട്ടെ എന്നു പ്രാർത്ഥിച്ചു.

ആട്ടിടയന്മാർ പിൻതുടർന്ന നക്ഷത്രം, ജ്ഞാനികൾക്കു വഴികാട്ടിയായ നക്ഷത്രം അത് കനിവിന്റെ നിലാവ് പകർന്ന് വെള്ളിത്താരകങ്ങളായിരുന്നു. 'അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം.' മനുഷ്യമനസ്സിന്റെ ആഴങ്ങളിൽ പതിയുന്ന ഒരുതരിവെട്ടം അത് ക്രിസ്തുതന്നെയാണ്. അത് കനിവിന്റെയും സ്നേഹത്തിന്റെയും വെട്ടം സഹജർക്കു പകർന്നു കൊടുക്കാനുള്ളതാണ്. ദൈവം സ്വഭാവത്തിൽ തന്നെ കനിവാണ്. കരുണയാണ്. ആ കരുണയാണ് മനുഷ്യാവതാരമാകുന്നത്. തിരിപ്പിറവി എന്നു നാം വിശേഷിപ്പിക്കുന്നത്. ദൈവം ലോകത്തോടു കരുണ കാണിക്കുന്നതിൽ ഒരിക്കലും മടുത്തിട്ടില്ല എന്നതിന്റെ സൂചനയാണ് ഓരോ പൈതലിന്റെയും പിറവി എന്ന് എഴുതിയത് ടാഗോറാണ് അതെ, ദൈവം ലോകത്തോട് തീരെ മടുത്തിട്ടില്ല. ദൈവം നമ്മോട് കരുണ കാണിക്കുന്നത് മറ്റുള്ളവരോട് കരുണ കാണിക്കാനാണ് എന്നു നാം മറക്കരുത്. കനിവിന്റെ നക്ഷത്രം ഉള്ളിൽ വഹിക്കുന്നവർക്കേ കരുണ ഉണ്ടാവുകയുള്ളൂ. ആരോടൊങ്കിലും നാം കനിവോടെ ഇടപെടുമ്പോൾ അവർ അർഹിയ്ക്കാത്തതെന്തോ കൊടുത്തുവെന്ന് നാം ചിന്തിക്കരുത്. കാരണം കനിവ് അർഹിയ്ക്കാത്തവരായി ഈ ലോകത്തിൽ ആരും ഉണ്ടാവില്ല.

തന്നെ കൊല്ലാൻ തക്കംപാർത്തിരുന്ന സാവൂൾ രാജാവിനെ കൊല്ലാൻ എല്ലാ സാഹചര്യങ്ങളും ലഭിച്ചിട്ടും ദാവീദ് അവനെ കൊന്നില്ല. (1 സാമൂ 26:12) സാവൂൾ ഹക്കീലകുന്നിൽ പാളയമടിച്ച് കൂടാരങ്ങളിൽ കിടന്നുറങ്ങുമ്പോൾ പട്ടാളക്കാരും അനുചാരന്മാരും അറിയാതെ ദാവീദ് കൂടാരത്തിനുള്ളിൽ കയറി രാജാവിന്റെ കുന്തവും കൂജയും എടുത്ത് പുറത്തിറങ്ങിപോയി. തന്നെ കൊല്ലാൻ അവസരം നോക്കിയിരുന്ന സാവൂളിനോട് കരുണ കാണിയ്ക്കാതെ വേണമെങ്കിൽ ദാവീദിനു അവനെ കൊല്ലാമാ

യിരുന്നു. ദാവീദ് കാണിച്ച കരുണ അവനെ ഒരു മഹാ അപരാധത്തിൽ നിന്നും രക്ഷിച്ചു.

കരുണയുടെ നിലാവായി ഈ ലോകത്തിൽ അവതരിച്ചവൻ പറഞ്ഞത് മുഴുവൻ കനിവിന്റെ ഉപമകൾ. കൂടാതെ അന്ധന് കാഴ്ചയുടെ കൃപ, മുടന്തന് നൃത്തത്തിന്റേത്. ബധിരന് സംഗീതം. ദരിദ്രനു സുവിശേഷം. പതിരെല്ലാം പാറ്റിയെടുത്ത് തീയിലെറിയുന്ന ഫലം നൽകാത്ത വൃക്ഷങ്ങളെത്തേടി മഴുവുയർത്തുന്നവനാണ് വരുവാനുള്ളവൻ എന്നു ഗർജ്ജിച്ച സ്നാപകന് ഒരു വേള സന്ദേഹം ഉണ്ടാകുന്നു. അവൻ വല്ലാതെ വിവശനാകുന്നു. ഇവനോ വരാനുള്ളവൻ? അതോ ഞങ്ങൾ മറ്റൊരാൾക്കുവേണ്ടി കാത്തിരിയ്ക്കണമോ സംഭ്രാന്തിയോടെ അയാൾ രണ്ടുപേരെ അയച്ചു. ക്രിസ്തു അതിനുത്തരം പറയാതെ കണ്ടകാര്യങ്ങൾപോയി സാക്ഷ്യപ്പെടുത്താൻ മാത്രം ആവശ്യപ്പെടുന്നു. ദൈവമേ ആർക്കും മനസ്സിലാകാതെ പോയ അവിടുത്തെ കനിവിന്റെ അഗാധത അത്ഭുതപ്പെടുത്തുന്ന ആ കനിവിന്റെ നിലാവിൽ ഞാനും തപിയ്ക്കട്ടെ. എന്റെയുള്ളിലും ആ കനിവിന്റെ ശകലം ആഴത്തിൽ പതിയ്ക്കട്ടെ. ഞാനും കനിവിന്റ നിലാവായി മാറട്ടെ.

# നക്ഷത്രങ്ങൾ പറയാതിരുന്നത്

**ജെ. മീനായിക്കോടത്ത്**

**ആമുഖം**

ക്രിസ്തുമസിന്റെ വരവറിയിച്ചുകൊണ്ട് ആദ്യം പ്രത്യക്ഷപ്പെടുന്നത് നക്ഷത്രങ്ങളാണ്. ആ ദിവസങ്ങളിൽ നാടും നഗരവും നക്ഷത്രങ്ങളാൽ അലംകൃതമാകും. രക്ഷകന്റെ ജനന സ്ഥലം കണ്ടെത്തുവാൻ പൂജരാജാക്കന്മാരെ സഹായിച്ചത് നക്ഷത്രം തന്നെയാണല്ലോ. യേശുവിന്റെ കാലത്ത് ജീവിച്ചിരുന്ന താപസ വര്യൻമാരായ ഖുമ്റാൻ സമൂഹത്തിലെ അംഗങ്ങൾ വിശ്വാസിച്ചിരുന്നത് രക്ഷകന്റെ തിരുപ്പിറവിയുടെ സമയത്ത് ഒരു പ്രത്യേക നക്ഷത്രം പ്രത്യക്ഷപെടുമെന്നാണ്.

**1. തിരുവചനത്തിൽ തെളിയുന്ന വെളിപാട്:**

യേശുവിന്റെ ജനന സമയത്ത് അടയാളമായി പ്രത്യക്ഷപ്പെടുന്ന നക്ഷത്രത്തെക്കുറിച്ച് നിരവധിയായ പരാമർശങ്ങൾ ബൈബിളിൽ കാണുവാൻ സാധിക്കും. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ബാലാമിന്റെ പ്രവചനമാണ്. അവിടെ മിശിഹായുടെ ജനനത്തെക്കുറിച്ച് പറയുന്നത് 'യാക്കോബിൽ നിന്ന് ഒരു നക്ഷത്രം ഉദിക്കും,

ഇസ്രായേലിൽനിന്ന് ഒരു ചെങ്കോൽ ഉയരും. (സംഖ്യ 24 : 17) എന്നാണ്. ഏശയ്യ പ്രവാചകൻ രക്ഷകന്റെ തിരുവവതാരത്തെ കാണുന്നത് ഇപ്രകാരമാണ് 'ഉണർന്നു പ്രശോഭിക്കുക; നിന്റെ പ്രകാശം വന്നുചേർന്നിരിക്കുന്നു. കർത്താവിന്റെ മഹത്വം നിന്റെ മേൽ ഉദിച്ചിരിക്കുന്നു. അന്ധകാരം ഭൂമിയെയും കൂരിരുട്ട് ജനതകളെയും മൂടും. എന്നാൽ, കർത്താവ് നിന്റെ മേൽ ഉദിക്കുകയും അവിടുത്തെ മഹത്വം നിന്നിൽ ദൃശ്യമാവുകയും ചെയ്യും. ജനതകൾ നിന്റെ പ്രകാശത്തിലേക്കും രാജാക്കൻമാർ നിന്റെ ഉദയശോഭയിലേക്കും വരും

(ഏശയ്യാ 60 :13) എന്നാണ്. 'എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കുവേണ്ടി നീതിസൂര്യൻ ഉദിക്കും.' (മലാക്കി 4 :2) എന്നാണ് മിശിഹായുടെ വരവിനെക്കുറിച്ച് മലാക്കി പ്രവാചകൻ പറയുന്നത്. രക്ഷകന്റെ തിരുപ്പിറവിയിൽ നക്ഷത്രത്തിന്റെ പങ്ക് പൂർണമായി ഉൾകൊണ്ട് ലൂക്കാ സുവിശേഷകൻ യേശുവിനെ കാണുന്നത് 'നമ്മുടെ ദൈവത്തിന്റെ കാരുണ്യാതിരേകംകൊണ്ട് ഉയരത്തിൽ നിന്നുള്ള ഉദയരശ്മി നമ്മെ സന്ദർശിക്കുമ്പോൾ ഇരുളിലും മരണത്തിന്റെ നിഴലിലും ഇരിക്കുന്നവർക്കു പ്രകാശം വീശാനും സമാധാനത്തിന്റെ മാർഗത്തിലേക്ക് നമ്മുടെ പാദങ്ങളെ നയിക്കാനും വേണ്ടിയാണ്' (ലൂക്കാ 1:79,80) എന്നുമാണ്.

**2. തിരുവവതാരത്തിന്റെ സന്ദേശവാഹകനായ നക്ഷത്രം:**

യേശുവിന്റെ ജനന സമയത്ത് ജ്യോതിശാസ്ത്രപരമായ ഒരു പ്രതിഭാസം ഉണ്ടായതായി ജ്യോതിശാസ്ത്രജ്ഞനായ ജോൺ കെപ്ളർ കണ്ടെത്തുകയുണ്ടായി. വ്യാഴം, ശനി, ചൊവ്വ ഗ്രഹങ്ങളുടെ ഒരു സംഗമം നടന്നു. ഒരു സൂപ്പർനോവ ഉദയം ചെയ്തു. യേശുവിന്റെ ജനന സമയത്ത് കണ്ട നക്ഷത്രത്തെക്കുറിച്ച് ചൈനീസ് കലണ്ടറിൽ രേഖപ്പെടുത്തിയട്ടുണ്ടെന്ന് ജർമൻ പണ്ഡിതനായ വീസ്ലർ രേഖപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെയുള്ള പ്രതിഭാസം 900 വർഷത്തിൽ ഒരിക്കൽ മാത്രമേ സംഭവിക്കുകയുള്ളു എന്നും ശാസ്ത്രലോകം വിലയിരുത്തുന്നു. ബെനഡിക്റ്റ് പതിനാറമൻ പാപ്പ ഇതിനെ വ്യാഖ്യനിക്കുന്നത്. 'പ്രപഞ്ചം ക്രിസ്തുവിനെക്കുറിച്ച് നമ്മോട് സംസാരിക്കുന്നുണ്ട് ' എന്നാണ്. ജ്ഞാനികളുടെ വിവരണത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന നക്ഷത്രത്തിന് ദൈവശാസ്ത്രപരമായ അർത്ഥം മാത്രമേയുള്ളൂ എന്നും ജ്യോതിശാസ്ത്രവുമായി അതിനെ കുട്ടിക്കുഴയ്ക്കേണ്ടതില്ലെന്നും വാദിക്കുന്ന ദൈവശാസ്ത്രജ്ഞന്മാരുണ്ട്. ഇപ്രകാരമൊരു നിലപാട് സ്വീകരിച്ച വ്യക്തിയാണ് ജോൺ ക്രിസോസ്തോം. അദ്ദേഹത്തിന്റെ വാക്കുകളിൽ 'സാധാരണമായുള്ള ഒരു നക്ഷത്രമല്ലിത്. അതിന്റെ സഞ്ചാരപഥം വീക്ഷിച്ചാൽ ഗ്രഹിക്കാവുന്നതുപോലെ, ഏതോ ഒരു ദിവ്യശക്തി രൂപാന്തരപ്പെട്ടതാണിത്'. അന്ത്യോഖ്യായിലെ ഇഗ്നേഷ്യസിന്റെ അഭിപ്രായത്തിൽ യേശുവിന്റെ തിരുപിറവിയുടെ സമയത്ത് 'സൂര്യനും ചന്ദ്രനും ഈ നക്ഷത്രത്തിനു ചുറ്റും നൃത്തം വച്ചിരുന്നു'എന്നാണ്.

**ഉപസംഹാരം**

റഷ്യൻ കവിയായ ആഹായുടെ അഭിപ്രായത്തിൽ 'ഞാനും നിങ്ങളും ദുഃഖങ്ങളുടെ മഹാപർവതങ്ങളായിരിക്കാം. ഞാനും നിങ്ങളും ഒരിക്കലും കണ്ടുമുട്ടില്ലായിരിക്കാം എങ്കിലും പാതിരാത്രികളിൽ ആകാശത്തു തെളിയുന്ന നക്ഷത്രങ്ങളായ് നമുക്ക് പരസ്പരം ആശംസകൾ കൈമാറാം 'കൊച്ചുത്രേസ്യയോട് ഒരിക്കൽ അവളുടെ പിതാവ് ആകാശത്തിലെ നക്ഷത്രം ചൂണ്ടികാണിച്ച് കൊണ്ട് പറഞ്ഞു T ആകൃതിയിലുള്ള നക്ഷത്രം നീയാണ്, സ്വർഗത്തിലെ താരകമാണ് നീ. ഫ്രാൻസിസ് പാപ്പയുടെ ക്രിസ്തുമസ് സന്ദേശത്തിൽ പറയുന്നു 'നിന്റെ ആത്മാവിൽ ക്രിസ്തു പിറക്കുന്ന നിമിഷങ്ങളിലെല്ലാം നീ തന്നെയാണ് ക്രിസ്തുമസ്: നന്മകളാൽ സ്വയം അലംകൃതമാകുമ്പോൾ ക്രിസ്തുമസ് അലങ്കാരങ്ങളും നീ തന്നെയാണ്. ലോകത്തിന് ശാന്തിയും നീതിയും സ്നേഹവും അറിയിക്കുമ്പോൾ നീ തന്നെയാണ് മാലാഖ. നിനക്ക് പ്രിയപ്പെട്ടത് അപരന് നൽകുമ്പോൾ നീ തന്നെയാണ് പൂജരാജാവ്. നീ മറ്റുള്ളവരെ ക്രിസ്തുവിലേക്ക് നയിക്കുമ്പോൾ നീ തന്നെയാണ് ക്രിസ്തുമസ്സ് നക്ഷത്രം.'

# ഇടവക വാർത്തകൾ



സ്ഥൈര്യലേപന കർമ്മം പാല ഗാഡുലൂപ്പ ദേവാലയം




പാസ്റ്ററൽ കൗൺസിൽ സത്യപ്രതിജ്ഞ



പ്രീസ്റ്റ്സ് കൗൺസിൽ സത്യപ്രതിജ്ഞ



വിമലഗിരിതിരുന്നാൾ




പഴയ കൗൺസിൽ അംഗങ്ങളുടെ മീറ്റിംഗ് ഓൺലൈനിൽ നടത്തി

## ഫെയിത്ത് ഷെയറിങ് മിനിസ്റ്റേഴ്സിന്റെ ഏകദിന ക്യാമ്പ്



വിശ്വാസ പരിശീലനത്തിൽ വികാരിയച്ചന്മാരെ സഹായിക്കുന്നതിനായി വിജയപുരം രൂപതയിൽ പ്രവർത്തിക്കുന്ന ഫെയിത്ത് ഷെയറിങ് മിനിസ്റ്റേഴ്സിന്റെ (FSM) ന്റെ ഏകദിന ക്യാമ്പ് കോട്ടയം അമല നിലയത്തിൽ വച്ച് ഡിസംബർ എട്ടാം തീയതി രാവിലെ 10 മുതൽ നടത്തി. രൂപതാ വികാരി ജനറൽ മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്യുകയും, വിശ്വാസം എപ്രകാരം പങ്കുവെക്കാം എന്നതിനെപ്പറ്റിസംസാരിക്കുകയും ചെയ്തു. രൂപത ലിറ്റർജി കമ്മീഷൻ അംഗങ്ങളായ ടോം ജോ

സ് അച്ചൻ ആരാധനക്രമത്തെ കുറിച്ചും, ജോൺ സാർ വിശ്വാസം പങ്കുവയ്ക്കുന്നതിന് എപ്രകാരം ഒരുങ്ങണമെന്നും FSM ന്റെ ഉത്തരവാദിത്തത്തെക്കുറിച്ചും ക്ലാസുകൾ നയിച്ചു. രൂപത ലിറ്റർജി കമ്മീഷൻ ഡയറക്ടർ ജിൻസൻ അച്ചൻ പരിപാടികൾക്ക് നേതൃത്വം നൽകി.

## സഭാ ദിനാഘോഷം




ലത്തീൻ കത്തോലിക്കാ ദിനത്തിന്റെ ഭാഗമായി വിമലഗിരി പാസ്റ്ററൽ സെന്ററിൽ വിജയപുരം ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ, കെ. ആർ.എൽ.സി.സി. പതാക ഉയർത്തുന്നു. ചാൻസലർ മോൺ ജോസ് നവസ്, എപ്പിസ്ക്കോപ്പൽ വികാരി മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ. പി.ആർ.ഒ. ഹെൻറി ജോൺ, കെ.എൽ.സി.എ. രൂപത സെക്രട്ടറി ഷിജോ പുളിമൂട്ടിൽ, നഗരസഭാഗം മോളിക്കുട്ടി സെബാസ്റ്റ്യൻ, എസ്. ആന്റണി തുടങ്ങിയവർ സമീപം.



സെന്റ്. വിൻസെന്റ് ഡി പോൾ സൊസൈറ്റി കുമളി ഏരിയ കൗൺസിൽ ഉൽഘാടനം കുമളി ലൂർദ് പള്ളി വികാരി റവ. ഫാ. വർഗ്ഗീസ് ആലുങ്കൽ നിർവഹിക്കുന്നു.സി സി പ്രസിഡന്റ് ബ്ര. പി. എം. രാജേഷ്, സി സി. സിനിയർ വൈ. പ്രസിഡന്റ് ബ്ര. ജെസ്റ്റിൻ ഡേവിഡ്, ഏ സി പ്രസിഡന്റ് ബ്ര. എം. ഡി. ഷിബു, കുമളി ലൂർദ് പള്ളി സെക്രട്ടറി ജോയ് ചുള്ളിയിൽ എന്നിവർ സമീപം.

## ക്രിസ്തുമസ് ആഘോഷം ബിഷപ്സ്ഹൗസ്




കയ്യെഴുത്ത് മാസിക പ്രകാശനം



ക്രിസ് ഈവ് 2022 സംഘഗാനം സാവിയോ & ഐ.ജെ..എം.എസ്
സെമിനാരി വിദ്യാർത്ഥികൾ



പാസ്റ്ററൽ കൗൺസിൽ ഉദ്ഘാടനം



കെ.ആർ.എൽ.സി.സി. യുടെ സാമൂഹ്യ നിർമ്മിതി അവാർഡിന് അർഹയായ അമയന്നൂർ ഇടവകാംഗമായ ശ്രീമതി ലൈലാമ്മ ജോണിന് ഇടവകയുടെ സ്നേഹാദരം

പരി:ഗാഡലുപേ മാതാ റോമൻ കത്തോലിക്കാ പള്ളിയിൽ ലത്തിൻ ദിനം ആഘോഷിച്ചു. ഗാഡലുപേ മാതാവിന്റെ തിരുനാളിനോടാനുബന്ധിച്ച് ഡിസംബർ 4 ന് ലത്തിൽ ദിനമായും ആഘോഷിച്ചു. രാവിലെ 9 മണിക്ക് പരിശുദ്ധ കുർബാനയും, ഭാരതസഭ,ലത്തിൻ സഭ എന്നിവയെകുറിച്ച് ക്ലാസ്സുകളും മീറ്റിങ്ങും നടന്നു. കുർബാനയും ക്ലാസും നയിച്ചത് KRLCC ജനറൽ സെക്രട്ടറി വെരി:റവ.ഫാ:തോമസ് തറയിൽ, സ്വാഗതം വികാരി റവ:ഫാ:മാത്യു ഒഴത്തിൽ, കൃതജ്ഞത ഇടവക സമിതി സെക്രട്ടറി പി വി ജോർജും പറഞ്ഞു.



# ക്രിസ് ഈവ് 2022

Welcome Song

ജോസ് ജോസഫ്




ഡിസംബർ മാസം പതിനൊന്നാം തീയതി 2022 ഞായറാഴ്ച രാവിലെ 10 മണിക്ക് നടന്ന VIMA UAE MEET 2022 പരിപാടിയുടെ ഉദ്ഘാടന കർമ്മം അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കേത്തേച്ചേരിൽ പിതാവ് നിർവഹിച്ചു. അതിനുശേഷം VIMA ANTHEM റിലീസും, VIMA BYLAW പ്രകാശനവും, മൊമെന്റോ വിതരണവും നടന്നു. തുടർന്ന് ഉച്ചഭക്ഷണത്തിനുശേഷം ആഘോഷമായ പൊന്തിഫിക്കൽ ദിവ്യബലിയോട് VIMA UAE MEET 2022 സമാപിച്ചു.




തിരുവനന്തപുരം അതിരൂപത ആർച്ച് ബിഷപ്പ് അഭിവന്ദ്യ തോമസ് ജെനെറ്റോ പിതാവ് മെത്രാഭിഷേകത്തിനുശേഷം വിമലഗിരി തിരുനാളിനോടനുബന്ധിച്ച് ആദ്യമായി നമ്മുടെ രൂപത സന്ദർശിച്ചപ്പോൾ അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവ് വിമലഗിരി മാതാവിന്റെ ചിത്രം നൽകി തോമസ് പിതാവിനെ ആദരിച്ചു.

# വി.എസ്.എസ്.എസ്. വാർത്തകൾ

## വിപണനമേള




വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കാൻസർ സാന്ത്വന പദ്ധതിയായ ആശാകിരണത്തിന്റെ 'ചികിത്സാ സഹായ നിധി' സമാഹരണത്തിന്റെ ഭാഗമായി വിമലഗിരി തിരുനാളിനോടനുബന്ധിച്ച് നാടൻ ഭക്ഷ്യോത്പന്നങ്ങൾ, വനവിഭവങ്ങൾ എന്നിവയുടെ വിപണമേള സംഘടിപ്പിച്ചു. മൂന്നാർ തേയില, മറയൂർ ശർക്കര എന്നിവയ്ക്കൊപ്പം വിജയ് സ്വാശ്രയ സമിതിയംഗങ്ങൾ ചെറുകിട സംരംഭകത്വ പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ വിവിധയിനം ധാന്യപ്പൊടികൾ, കറിപ്പൊടികൾ, മസാലക്കൂട്ടുകൾ, അച്ചാറുകൾ, കേക്ക്, മിഠായി പരമ്പരാഗത രീതിയിൽ ശേഖരിച്ച തേൻ, എന്നിവയും വില്പനയ്ക്ക് എത്തിച്ചിരുന്നു. ഇതോടൊപ്പം ഒരുക്കിയിരുന്ന പായസസ്റ്റാളും മുഖ്യാകർഷണമായിരുന്നു. ഓഫീസ് ജീവനക്കാർ, വേളൂർ ആശാകിരണം പ്രവർത്തകർ, പൂവം ദീപം, പൊടിമറ്റം വനിത എന്നീ സംഘങ്ങൾ, പെരുമ്പട്ടി, പൂവം എന്നിവിടങ്ങളിലെ പി.ഡി.സി. കൾ വനവാതൂക്കര സൺഫ്ളവർ ബാലവേദി എന്നിവയുടെ സഹകരണത്തിലും മേൽനോട്ടത്തിലുമാണ് ക്രമീകരണങ്ങൾ നടന്നത്.

## അന്താരാഷ്ട്ര ഭിന്നശേഷി ദിനാചരണം: സ്പർശം 22

വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സ്വിറ്റ്സർലൻഡ് ആസ്ഥാനമായുള്ള റിഹാസ്വിസ്സ് എന്ന ഏജൻസിയുടെ സഹകരണത്തോടെ അന്താരാഷ്ട്ര ഭിന്നശേഷി ദിനാചരണം 'സ്പർശം 22' ഡിസംബർ മൂന്നിന് മണ്ണയ്ക്കനാട് ഹോളിക്രോസ്സ് സ്പെഷ്യൽ



സ്കൂളിൽ അഡ്വ. മോൻസ് ജോസഫ് എം.എൽ.എ, ഉത്ഘാടനം ചെയ്തു. വി.എസ്.എസ്. പട്ടിത്താനം മേഖല പ്രസിഡന്റും ഹോളി ക്രോസ് ഇട വക വികാരിയുമായ ഫാ. തോമസ് പഴവക്കാട്ടിൽ അധ്യക്ഷത വഹിച്ചു. ഹോളിക്രോസ് സ്പെഷ്യൽ സ്കൂൾ പ്രിൻസിപ്പാൾ സിസ്റ്റർ റാണി ജോ മുഖ്യപ്രഭാഷണം നടത്തി. ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ സംരംഭ ങ്ങൾ തുടങ്ങുന്നതിനായി വി.എസ്.എസ്. നൽകുന്ന വായ്പകൾ എക്സി ക്യൂട്ടീവ് ഡയറക്ടർ ഫാ, അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ വിതരണം ചെയ്തു. റിഹാസ്വിസ്സ് സ്ഥാപകനായ ജോസഫ് ഏർത്തോട്ട് ദിനാചരണ സന്ദേശം നൽകി. ഭിന്നശേഷി പുനരധിവാസ പ്രവർത്തന രംഗത്ത് മികവ് തെളിയിച്ച ജോസഫ് ഏർത്തോട്ട്, സിസ്റ്റർ റാണി ജോ. എന്നിവരെ ചട ങ്ങിൽ പൊന്നാട അണിയിച്ച് ആദരിച്ചു. കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി മാത്യു, ജില്ല ലീഗൽ സർവ്വീസ് അതോറിറ്റി മെമ്പർ ജെസമ്മ ജോൺ എന്നിവർ ആശംസകൾ അർപ്പിച്ചു. 4,15,000 രൂപ വായ്പ യായി 24 പേർക്ക് വിതരണം ചെയ്തു. വി.എസ്.എസ്.എസ്. സ്റ്റാഫ്, ഗുണഭോക്താക്കൾ, കുട്ടികൾ എന്നിവരുടെ വിവിധ കലാപരിപാടികളും നടന്നു. പരിപാടികൾക്ക് പ്രോഗ്രാം കോർഡിനേറ്റർ ടി.കെ. രാജു സ്വാഗ തവും ആനിമേറ്റർ ജീന റോയ് കൃതജ്ഞതയും രേഖപ്പെടുത്തി.

## സംയുക്തമീറ്റിംഗ്-തിരുവല്ല മേഖല

വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ മേൽനോട്ടത്തിൽ തിരുവല്ല മേഖലയിലെ അയൽക്കൂട്ടങ്ങളുടെ മേഖലാഘടനയായ 'സംയുക്ത'യുടെ മീറ്റിംഗ് മാരാമൺ സെന്റ് ജോസഫ്സ് ഹാളിൽ സംയുക്ത തിരുവല്ല പ്രസിഡന്റ് ശ്രീമതി എലിസബത്ത് ജോസഫിന്റെ അധ്യക്ഷതയിൽ വി.എസ്.എസ്. മേഖലാ പ്രസിഡന്റ് ഫാ. ജോഷി പുതു പ്പറമ്പിൽ ഉത്ഘാടനം ചെയ്തു. സെക്രട്ടറി ശ്രീമതി സുമി ഡൊമനിക് റിപ്പോർട്ട് അവതരിപ്പിച്ചു. സംയോജിത, സംയുക്ത റിപ്പോർട്ടുകളെ അവ ലോകനം ചെയ്ത് സി.ഡി.ഒ. റ്റി.കെ. രാജു സംസാരിച്ചു. 2023-ൽ മേഖല



യിലെ എല്ലാ സ്വാശ്രയ സംഘാംഗങ്ങളെയും, കെ.എൽ.എം. മുഖേന ക്ഷേമനിധികളിൽ അംഗങ്ങളാകുവാൻ യോഗം തീരുമാനിച്ചു. പരിപാടികൾക്ക് ശ്രീമതി ബിന്ദുവർഗ്ഗീസ് സ്വാഗതും ശ്രീമതി ബിജി സോണി നന്ദിയും രേഖപ്പെടുത്തി.

## ആരോഗ്യ ബോധവത്ക്കരണ ക്ലാസ്



വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ മുള്ളൻകുഴി 14-ാം വാർഡിലുൾപ്പെട്ട മാതാപിതാക്കൾക്കായി നടത്തിയ ബോധവത്ക്കരണ ക്ലാസ് സൊസൈറ്റി ഡയറക്ടർ ഫാ, അഗസ്റ്റിൻ ബിനോയ് മേച്ചേരിലിന്റെ അദ്ധ്യക്ഷതയിൽ നടന്നു. നഗരസഭാഗം മോളിക്കുട്ടി സെബാസ്റ്റ്യൻ ആശംസ നേർന്നു. ആരോഗ്യം, വ്യക്തിശുചിത്വം, പരിസരശുചിത്വം, ജീവിത ശൈലീരോഗങ്ങൾ, ലഹരിഉപയോഗവും അനന്തരഫലങ്ങളും എന്നിവയിൽ റിട്ട.ഹെൽത്ത് ഇൻസ്പെക്ടർ രാജു കെ.ജെ. ക്ലാസ് നയിച്ചു. 36 പേർ പങ്കെടുത്തു. സി. സൂസൻ സ്വാഗതവും എ.ഡി.എസ്. ചെയർപേഴ്സൺ ലീലാമ്മജോയി കൃതജ്ഞതയും പറഞ്ഞു.



# അഭിവന്ദ്യ പിതാവിന്റെ
## ജനുവരി മാസ പരിപാടികൾ

02 തിങ്കൾ 3.00 am - ദിവ്യബലി, ഡീക്കൻ പട്ടദാനവും വൈദിക വസ്ത്രദാനകർമ്മവും, വിമലഗിരി കത്തീഡ്രൽ
03 ചൊവ്വ 10.00 am - ദിവ്യബലി, സെന്റ്. ആന്റണി തീർത്ഥാടന കേന്ദ്രം, കോട്ടയം.
06 വെള്ളി - PPD
08 ഞായർ 11.00 am - വിവാഹ ആശിർവാദ കർമ്മം, വിമലഗിരി കത്തീഡ്രൽ.
5.00 am - തിരുനാൾ ദിവ്യബലി, ഹോളി ഫാമിലി ചാപ്പൽ, കോട്ടയം
09 തിങ്കൾ 6.30 am - ബിഷപ് അംബ്രോസ് അബസോളോ ഒ.സി.ഡി. അനുസ്മരണദിവ്യബലി, വിമലഗിരി കത്തീഡ്രൽ
13 -14 - KRLCBC, വിജയപുരം ബിഷപ്പ്സ് ഹൗസ്, കോട്ടയം.
14-15 - KRLCC ജനറൽ അസംബ്ലി, വിമലഗിരി പാസ്റ്ററൽ സെന്റർ, കോട്ടയം.
17 ചൊവ്വ - KCBC ഹെൽത്ത് കമ്മീഷൻ മീറ്റിംഗ്, POC, പാലാരിവട്ടം.
18 ബുധൻ 10.30 am - ദിവ്യബലി, SIP മീറ്റിംഗ്,വിമലഗിരി കത്തീഡ്രൽ
20 വെള്ളി - PPD
21 ശനി 10.00 am - Teacher's Guild, സെന്റ് ജോസഫ്സ് സ്കൂൾ, മുണ്ടക്കയം
22 ഞായർ 9.30 am - തിരുനാൾ ദിവ്യബലി, നല്ലയിടയൻ ദേവാലയം കോട്ടയം
23-31 - CCBI മീറ്റിംഗ്, ബാംഗ്ലൂർ.



വി.എസ്.എസ്.എസ്. ക്രിസ്മസ് ആഘോഷം

# അനുമോദനങ്ങൾ



**ഫാ. വർഗീസ് കോട്ടയ്ക്കാട്ട്**
പ്രീസ്റ്റ്സ് കൗൺസിൽ സെക്രട്ടറി



**ഫാ. ജോസഫ് ചെറുകാക്രാംചേരിൽ**
രൂപത അജപാലന സമിതി സെക്രട്ടറി



പി.എം.ഐ. സഭാംഗം
പാമ്പനാർ ഇടവക നവവൈദികൻ
**ഫാ. ജോബി മടുക്കക്കുഴി**



Servent of God
**Mother Carla Borgheri**
Foundress of Suore Missionarie
Dell'Incarnazione

JANUARY 2023
Vol. 16 • Issue 1
*Published on*
1th January 2023

vijayapuradhuthu
(MONTHLY)
Annual Subscription ₹ 100.00

Registered No. KL/KTM/117/2023-25
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA




Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at **Good Shepherd Press**, Kottayam, Kerala. # 0481-2569180